


# ബിദ്അത്തുകളെ സൂക്ഷിക്കുക

നബി (സ) യുടെ ജന്മദിനാഘോഷം

ഇസ്റാഅ്, മിഅ്റാജ് ആഘോഷങ്ങൾ

ബറാഅത്ത് രാവ്.

മദീനാ പള്ളിയിലെ കള്ള സ്വപ്നം- ഒരു

المكتب التعاوني للدعوة والإرشاد وتوعية الجاليات بغرب الدير
هاتف ٤٣٩١٩٤٢، ناسوخ ٤٣٩١٨٥١، ص.ب ١٥٤٤٨٨، الرياض ١١٧٣٦

التحذير من البدع

لسماحة الشيخ عبد العزيز بن عبد الله بن باز (رحمه الله)

( المليبارية )

# ബിദ്അത്തുകളെ സൂക്ഷിക്കുക

നബി(സ)യുടെ ജന്മ ദിനാഘോഷം

ഇസ്റാഅ്, മിഅ്റാജ് ആഘോഷങ്ങൾ

ബറാഅത്ത് രാവ്.

മദീനാ പള്ളിയിലെ കള്ള സ്വപ്നം- ഒരു വിശകലനം.


രചന

**അബ്ദുൽ അസീസ് ബ്നു അബ്ദുല്ല ബ്നു ബ്നു ബാസ്**

പരിഭാഷ

അബ്ദുന്നസ്വർ സ്വലാഹി


حقوق الطبع محفوظة للمكتب

ح مكتب توعية الجاليات بغرب الديرة، ١٤٢٣هـ

فهرسة مكتبة الملك فهد الوطنية أثناء النشر
ابن باز، عبدالعزيز بن عبدالله
التحذير من البدع / ترجمة عبدالعزيز صلاحي . - الرياض .
٣٦ ص ١٤ × ٢٠ سم
ردمك : ٥-٧-٩٢٧٠-٩٩٦٠
(النص بلغة ماليباري)
١- البدع في الإسلام
أ - صلاحي، عبدالعزيز (مترجم) ب - العنوان
ديوي ٢١٢,٣ ٢٣/٣٣٤٥

رقم الإيداع : ٢٣/٣٣٤٥
ردمك : ٥-٧-٩٢٧٠-٩٩٦٠

# ബിദ്അത്തുകളെ സൂക്ഷിക്കുക

ശൈഖ് അബ്ദുള്ള ബ്നു അബ്ദുൽ അസീസ് ബ്നു ബാസ്

നാലു ലേഖന സമാഹാരങ്ങൾ

1 നബി(സ)യുടെ ജൻമദി നാഘോഷം
2 ഇസ്റാഅ് , മിഅ്റാജ് ആഘോഷങ്ങൾ
3 ബറാഅത്ത് രാവ്.
4 മദീനാ പള്ളിയിലെ കള്ള സ്വപ്നം- ഒരു വിശകലനം.

പരിഭാഷ
അബ്ദുൽ റസാഖ് സ്വലാഹി

بسم الله الرحمن الرحيم

# നബി(സ)യുടെ ജൻമദി നാഘോഷം

**ചോദ്യം**
നബി(സ)യുടെ ജൻമദിനാഘോഷങ്ങളുടെയും അതിനോടനുബന്ധിച്ച് നടത്തപ്പെടുന്ന വിവിധ ആചാരങ്ങളുടെയും ഇസ്ലാമിക വിധി എന്താണ് ?

**ഉത്തരം**
ഇസ്ലാമിക നിയമ പ്രകാരം ആരുടേയും പിറന്നാളാഘോഷം അനുവദനീയമല്ലാത്തതു പോലെ നബി(സ)യുടെ ജന്മദിനാഘോഷവും അനുവദിക്കപ്പെടുന്നില്ല . കാരണം ഇസ്ലാമിക ചരിത്രത്തിൽ പൂർവ്വീകരുടെ മാതൃക ഇതിൽ നാം കാണുന്നില്ല.

നിങ്ങൾ ആലോചിക്കുക ;

നബി(സ)തന്റെ ജന്മദിനം ഒരു പ്രാവശ്യമെങ്കിലും ആഘോഷിച്ചിട്ടുണ്ടോ ?

ഖുലഫാഉ റാഷിദുകൾ അത് ആഘോഷിച്ചുവോ ?

സഹാബികൾ ആരെങ്കിലും ഇത് കൊണ്ടാടിയോ ?

അതിശ്രേഷ്ഠമായ നൂറ്റാണ്ടിലെ സച്ചരിതരായ പിൻഗാമികൾ അത് നടത്തിയോ ?

ഇല്ല .

സഹോദരന്മാരേ ;

ആരായിരുന്നു അവർ ?

പ്രവാചകൻ(സ)യോടു അതിരറ്റ സ്നേഹമുള്ളവർ .
നബി(സ) യുടെ സുന്നത്ത് ഏറ്റവും കൂടുതൽ മനസ്സിലാക്കിയവർ .
പിൻഗാമികളെ അപേക്ഷിച്ച് സുന്നത്ത് പിന്തുടരുന്ന കാര്യത്തിൽ ഏറ്റവും കൂടുതൽ ശ്രദ്ധപുലർത്തിയവർ .

ഇനി നബി(സ)യുടെ വചനങ്ങൾ ശ്രദ്ധിക്കുക .
അവിടുന്ന് പറഞ്ഞു : (നമ്മുടെ ഈ (മത)കാര്യത്തിൽ ആരെങ്കിലും മാതൃകയില്ലാത്ത വല്ലതും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്.).
മറ്റൊരു നബിവചനം കാണുക;
(എന്റെയും എന്റെ ശേഷമുള്ള സച്ചരിതരായ ഖുലഫാഉ റാഷിദുകളുടെയും ചര്യയെ നിങ്ങൾ അണപ്പല്ലു കൊണ്ട് കടിച്ചു പിടിക്കുക.മതത്തിൽ പുതുതായി ഉണ്ടാകുന്ന കാര്യങ്ങൾ നിങ്ങൾ കരുതിയിരിക്കണം . മതത്തിൽ പുതുതായി ഉണ്ടാകുന്നതെല്ലാം അനാചാരമാണ് .എല്ലാ അനാചാരവും വഴികേടുമാണ്. )

ഈ ഹദീസുകളുടെ താൽപര്യം എന്താണെന്ന് ആലോചിക്കുക . ദുരാ ചാരങ്ങൾ ചെയ്യുന്നവരേ;നിങ്ങൾ ജാഗ്രത പാലിക്കുക .എന്തൊരു ശക്ത മായ മുന്നറിയിപ്പ് .
സഹോദരാ ആലോചിക്കുക,
ഖുർആനിന്റെ കൽപനങ്ങൾ സ്വീകരിക്കുക .
അല്ലാഹുപറയുന്നു:

(അല്ലാഹുവിന്റെ ദൂതൻ കൊണ്ടുവന്നത് നിങ്ങൾ സ്വീകരിക്കുക. അദ്ദേ ഹം വിരോധിച്ചത് നിങ്ങൾ വർജ്ജിക്കുകയും ചെയ്യുക).ഹഷർ–7 .

(അതിനാൽ അദ്ദേഹത്തിന്റെ കൽപനകൾക്ക് എതിർ പ്രവർത്തിക്കുന്ന വരാരോ അവർക്ക് വല്ല വിപത്തും വന്നു ഭവിക്കുകയോ വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ച് കൊള്ളട്ടെ.) –നൂർ–63

(അല്ലാഹുവിനെ കൂടുതൽ സ്മരിക്കുന്നവർക്കും പരലേകത്തിൽ വി ശ്വാസമുള്ളവർക്കും അല്ലാഹുവുമായി കണ്ടു മുട്ടണമെന്ന് ആഗ്രഹി ക്കുന്നവർക്കും അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട് .) അഹ്സാബ്:21

(അൻസാറുകളിൽ നിന്നും മുഹാജിറുകളിൽ നിന്നും ആദ്യമായി മുൻ കടന്നു വന്നവരെയും നൻമയിൽ അവരെ അനുധാവനം ചെയ്തവ രെയും അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവനെ പറ്റി അവരും തൃപ് തിപ്പെട്ടിരിക്കുന്നു . താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗ്ഗം അവർക്ക് ഒരുക്കിയിട്ടുണ്ട് . എന്നെന്നും അതിൽ ശാശ്വതൻമാരാണ് . അതാണ് മഹത്തായ വിജയവും) തൗബ:100

(ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതത്തെ പൂർത്തിയാക്കിത്തന്നി രിക്കുന്നു .എന്റെ അനുഗ്രഹം നിങ്ങൾക്ക് സമ്പൂർണ്ണമാക്കുകയും ചെ യ്തിരിക്കുന്നു . ഇസ്ലാമിനെ മതമായി ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെ ട്ടു തന്നിരിക്കുന്നു) –മാഇദ 3.

ഇതേ ആശയങ്ങൾ ഉൾകൊള്ളുന്ന എത്രയെത്ര ആയത്തുകൾ ഖുർആ നിലുണ്ട് . എന്നിരിന്നാലും വീണ്ടും വീണ്ടും മീലാദ് ആഘോഷം പോ ലെ മാതൃകയില്ലാത്ത കാര്യങ്ങൾ ചെയ്യുന്നതിന്റെ സാരമെന്താണ് ? ഈ സമുദായത്തിന്റെ മതം അല്ലാഹു സമ്പൂർണ്ണമാക്കിയിട്ടില്ല എന്നല്ലേ. ? തന്റെ സമൂഹത്തിന് അനുപേക്ഷണീയമായ കാര്യങ്ങൾ പ്രവാചകൻ(സ) പൂർണ്ണമായി അവരെ അറിയിച്ചിട്ടില്ല എന്നുമല്ലേ. ?

അങ്ങനെ ജൻമദിനാഘോഷം പോലുള്ള പുണ്യാർഹമായ കാര്യങ്ങൾ പിന്നീടുള്ളവർ മതത്തിൽ കടത്തിക്കൂട്ടി എന്ന് വരുന്നു. കാരണം

ഇത്തരം ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ പാരത്രീക മോക്ഷ വും രക്ഷയും നേടാമെന്നാണ് ഈ ജനങ്ങളുടെ ധാരണ. ഇത് തീർത്തും അപകടങ്ങൾ വരുത്തി വെക്കുന്നു. മതപരമായ സർവ്വകര്യങ്ങളും അല്ലാ ഹുവും റസൂലും പൂർത്തിയാക്കിയിട്ടുണ്ട് . അപ്പോൾ ആ മാർഗത്തിൽ നിന്നുള്ള വ്യതിയാനം അല്ലാഹുവിനോടും പ്രവാചകനോടുമുള്ള ധിക്കാ രമായിമാറുന്നു .

നബി (സ) തന്റെ ദൗത്യം പൂർണ്ണമായി നിർവ്വഹിച്ചുട്ടുണ്ടെന്നതിൽ സ ന്ദേഹമില്ല .നബി(സ) പറഞ്ഞു : *(സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്നതും നര കത്തിൽ നിന്ന് അകറ്റുന്നതുമായ യാതൊരു കാര്യങ്ങളും നിങ്ങ ൾക്ക് അറിയിച്ചു തരാതിരുന്നിട്ടില്ല.)* അബ്ദുല്ലാഹിബ്നു അംറിൽ നിന്നും ഒരു സ്വഹീയായ ഹദീസ് ഇപ്രകാരം ഉദ്ദരിക്കപ്പെടുന്നുണ്ട് . നബി(സ) പറഞ്ഞു:*(അല്ലാഹു നിയോഗിച്ച പ്രവാചകരിൽ ഒരാൾക്കും തന്നെ താൻ മനസ്സിലാക്കിയ നന്മയിലേക്ക് തന്റെ സമൂഹത്തെ വഴി നട ത്തുകയും താൻ ഗ്രഹിച്ച നാശത്തിൽ നിന്നും അവരെ താക്കീത് ചെ യ്യുകയും ബാധ്യത ഏൽപ്പിക്കപ്പെട്ടതായിട്ടില്ലാതെ നിയോഗിക്കപ്പെട്ടിട്ടി ല്ല)*- .മുസ്ലിം -

അമ്പിയാക്കളിൽ അതിശ്രേഷ്ഠരായിരുന്ന മുഹമ്മദ് മുസ്ഥഫാ(സ), പ്രവാ ചക ശൃംഖലയിൽ അന്തിമനായിരുന്ന അദ്ദേഹം തന്റെ എല്ലാ സന്ദേ ശങ്ങളും ഉപദേശങ്ങളും സമൂഹത്തെ പഠിപ്പിച്ചു. എങ്കിൽ നാം സ്വൽപ മെന്ന് ആലോചിക്കുക. പ്രവാചകൻ(സ)യുടെ ജൻമദിനാഘോഷം അല്ലാഹുവിന്റെ പ്രീതിക്ക് അർഹമാകുന്ന ഒരു പുണ്യ കർമ്മമായിരുന്നു വെങ്കിൽ നബി(സ) അത് വിശദീകരിക്കാതെ വിട്ടേക്കുമോ ?
തന്റെ ജീവിതത്തിൽ അത് ആചരിക്കേണ്ടതായിരുന്നില്ലേ?
പ്രവാചകനെ ജീവനേക്കാൾ സ്നേഹിച്ചിരുന്ന തന്റെ സഹാബികൾ പ്രവാചകൻ (സ)യുടെ ജൻമദിനം ആഘോഷിക്കുമായിരുന്നില്ലേ ?

ഇതൊന്നു മുണ്ടായിട്ടില്ല എന്നു വരുമ്പോൾ പ്രസ്തുത ആചാരത്തിന് ഇസ്ലാമിൽ സ്ഥാനമില്ല എന്നല്ലേ മനസ്സിലാക്കേണ്ടത്?
മാത്രമല്ല, വ്യക്തമായും പ്രവാചകൻ (സ)മുന്നറിയിപ്പു നൽകിയ അ നാചാരം തന്നെയാണ് ജന്മദിനാഘോഷം എന്നുമല്ലേ മനസ്സിലാവുന്നത്?

സാധാരണയായി പ്രവാചകൻ (സ) തന്റെ ജുമുഅ ഖുതുബകളിൽ ഇപ്രകാരം ഉണർത്താറുണ്ടായിരുന്നു.*(ഏറ്റവും നല്ല വൃത്താന്തം അല്ലാ ഹുവിന്റെ ഗ്രന്ഥമാണ് . ഏറ്റവും നല്ല ചര്യ മുഹമ്മദ് (സ) യുടെ ചര്യയുമാകുന്നു .(മതത്തിൽ) പുതുതായി പടച്ചുണ്ടാക്കുന്നതാണ്*

*കാര്യങ്ങളിൽ ഏറ്റവും ചീത്തയായത് എല്ലാ അനാചാരവും വഴികേടിലാവുന്നു)*- .മുസ്ലിം-
എന്നാൽ ചിലർ വാദിക്കാറുള്ളത് നിഷിദ്ധമായ കാര്യങ്ങൾ കൂടിക്കലരുന്നില്ലെങ്കിൽ ജന്മദിനാഘോഷം നല്ല ബിദ്അത്താണെന്നാണ്. യഥാർത്ഥത്തിൽ അഭിപ്രായ വ്യത്യാസമുണ്ടായാൽ സ്വീകരിക്കേണ്ട നിലപാട് പ്രസ്തുത കാര്യത്തിന്റെ സത്യം എന്താണെന്ന് മനസ്സിലാക്കാനായി വിശുദ്ധഖുർആനിലും തിരുസുന്നത്തിലും അതിനെ കുറിച്ച് എന്താണ് പറയുന്നത് എന്ന് നോക്കലാണ് .

അല്ലാഹു പറയുന്നു .
(സത്യവിശ്വാസികളേ ,നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക. പ്രവാചകനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യ കർത്താക്കളെയും അനുസരിക്കുക .വല്ല പ്രശ്നത്തിലും നിങ്ങൾ അഭിപ്രായ വിത്യാസത്തിലായാൽ അത് അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും നിങ്ങൾ മടക്കുക . നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും) .
നിസാഅ്:59

മറ്റൊരു ആയത്തിൽ ഇപ്രകാരവും കാണാവുന്നതാണ് .
(നിങ്ങൾ അഭിപ്രായ വ്യത്യാസക്കാരായിട്ടുള്ളത് ഏതു കാര്യത്തിലാകട്ടെ അതിൽ തീർപ്പുകൽപ്പിക്കാനുള്ള അവകാശം അല്ലാഹുവിനാകുന്നു )
-ശൂറ :10-

ഏതെങ്കിലും മതപരമായകാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടായാൽ സ്വീകരിക്കേണ്ട നിലപാടു എന്ത് എന്നതാണ് ഈ വചനങ്ങൾ പഠിപ്പിക്കുന്നത് .

നബി(സ)യുടെ ജന്മദിനാഘോഷത്തെ കുറിച്ച് വിശുദ്ധഖുർആനും നബി(സ)യും എന്ത് പറയുന്നു എന്ന് നമുക്ക് പരിശോധിക്കാം. അല്ലാഹു സമ്പൂർണ്ണമാക്കി എന്നു പ്രഖ്യപിച്ച ഈ ദീനിൽ നബി (സ) തന്റെ ജന്മദിനം ആഘോഷിച്ചതിന് യാതൊരു തെളിവുമില്ല. മാത്രമല്ല തന്റെ അനുചരന്മാരായ സഹാബികൾ അത് ആഘോഷിക്കുകയോ അതിനായി കൽപ്പിക്കുകയോ ചെയ്തിട്ടുമില്ല . അതിനാൽ തന്നെ ഇത് മതത്തിന്റെ ഭാഗമല്ല എന്ന് സ്പഷ്ഠമാവുന്നു .മാത്രമല്ല മാതൃകയില്ലാത്ത ദുരാചാരവുമായി . അതോടപ്പം ജൂത -കൈസ്ത്രവ ആചാര ങ്ങളോട് ഇതിന് സാമ്യതയുമുണ്ട് . ഈ കാരണങ്ങളാൽ ബുദ്ധിമാൻമാർ പ്രവാചകന്റെ താക്കീതുകൾ ഭയപ്പെട്ടു കൊണ്ടും സത്യത്തോടുള്ള പ്രതിബദ്ധതയാലും അതിൽ നിന്നും അകന്നു നിൽക്കുന്നു.നിഷ്പക്ഷമായി ചിന്തിക്കുന്നവർക്ക് അത് വ്യക്തമാവുകയും ചെയ്യുന്നു. .

എന്നാൽ ചിലരുടെ ജൽപനങ്ങൾ ധാരാളം ആളുകൾ മറ്റു ഭൂഖണ്ഡങ്ങളിലും ജന്മദിനം ആഘോഷിക്കുന്നുണ്ടല്ലോ എന്നാണ്.

യഥാർത്ഥത്തിൽ സത്യത്തിന്റെ മാനദണ്ഡം ഭൂരിപക്ഷമല്ലേയല്ല . യഹൂദരുടെയും കൃസ്ത്യാനികളുടെയും വാദമായിരുന്നു അത്.

അവർ പറഞ്ഞു:(യഹൂദികളും കൃസ്ത്യാനികളും അല്ലാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. (യഥാർത്ഥത്തിൽ) അത് അവരുടെ ജൽപനമാണ് . (നബിയേ) പറയുക :നിങ്ങൾ പറയുന്നത് സത്യമാണെങ്കിൽ നിങ്ങൾ തെളിവുകൾ കൊണ്ടുവരിക .) ബഖറ:11
മറ്റൊരു വചനം കാണുക .

(ഭൂമിയിലെ ഭൂരിപക്ഷത്തെയാണ് നീ അനുസരിക്കുന്നതെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നും അവർ നിന്നെ വഴി തെറ്റിക്കും) അൻആം:116

എന്നാലത് നൂതനാചാരമാണ് എന്നതിനു പുറമെ ഏറ്റവും വലിയ മഹാപാപമായ ശിർക്കിലേക്കുവരെ ഈ ആചാരം മുസ്ലിംകളെ ചിലപ്പോൾ കൊണ്ട് പോകുന്നു . അതു പോലെ പല തിന്മകൾക്കുമുള്ള ഹേതുവായിത്തീരാറുമുണ്ട് . പ്രവാചകനെ അമിതമായി ബഹുമാനിക്കുകയും ഔലിയാക്കൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നവരോട് തവസ്സുൽ ,ഇസ്തിഗാസ എന്നിവ നടത്തുക തുടങ്ങിയ കാര്യങ്ങൾ ഈ ആഘോഷ വേളകളിൽ പലരും ചെയ്യുന്നു .

നബി(സ)പറഞ്ഞു :
*(നിങ്ങൾ മതത്തിൽ അതിര് കവിയുന്നത് സൂക്ഷിക്കണം . പൂർവ്വികരായ സമുദായം നശിപ്പിക്കപ്പെട്ടത് അവർ മതത്തിൽ അതിര് കവിഞ്ഞപ്പോഴാണ്)* . അഹ്മദ് ,നസാഈ, ഇബ്നുമാജ ,ഹാകിം.

മറ്റൊരു വചനത്തിൽ അവിടുന്നുഇപ്രകാരം പറഞ്ഞു :.
(കൃസ്ത്യാനികൾ മർയമിന്റെ പുത്രൻ ഈസായെ അമിതമായി ബഹുമാനിച്ചതുപോലെ നിങ്ങൾ എന്നെ അമിതമായി ബഹുമാനിക്കരുത് . ഞാനൊരു ദാസനാണ് അല്ലാഹുവിന്റെ അടിമ എന്നും അവന്റെ ദൂതനെന്നും നിങ്ങൾക്ക് പറയാം) –ബുഖാരി–

ജന്മദിനഘോഷങ്ങളിൽ താൽപര്യ പൂർവ്വം പങ്കെടുക്കുന്ന പലരേയും നിങ്ങൾ ശ്രദ്ധിച്ചു നോക്കൂ . പലപ്പോഴും നിർബന്ധമാക്കപ്പെട്ട ജുമുഅ, ജമാഅത്ത് തുടങ്ങിയ നമസ്കാരങ്ങൾ വരെ നഷ്ടപ്പെടുത്തുന്നതായി കാണാം . മാത്രമല്ല , ഇസ്ലാം വിരോധിച്ച കാര്യങ്ങൾ പോലും ഇത്തരം ആഘോഷ വേളകളിൽ ജനങ്ങൾ പ്രവർത്തിക്കാറുണ്ട്. തെറ്റുകൾ ചെയ്യുന്നതായും കാണപ്പെടാറുണ്ട്. എത്രമാത്രം, വിചിത്രവും അപഹാസ്യവുമാണിത് .

അല്ലാഹു പറയുന്നു :
(പിന്നീട് നിങ്ങളും അതിനുശേഷം മരിക്കുകതന്നെ ചെയ്യും . പിന്നീട് അന്ത്യദിനത്തിൽ നിങ്ങൾ പുനർജീവിപ്പിക്കപ്പെടുക തന്നെ ചെയ്യും .)

(അന്ത്യ ദിനത്തിൽ ഖബർ പിളർന്ന് ആദ്യമായി പുറത്തു വരുന്നത് ഞാനായിരിക്കും) –നബിവചനം–

ഇതു പോലുള്ള ആയത്തുകളും ഹദീസുകളും പഠിപ്പിക്കുന്നതെന്താണ് . അന്ത്യദിനത്തിനു മുമ്പ് ഒരാളും ഖബറിൽ നിന്ന് പുറത്തു വരുന്നില്ല എന്നല്ലേ?

എന്നാൽ ജന്മദിനാഘോഷ വേളകളിൽ ഇതിന് വിപരീതമായി വിശ്വസിക്കുകയും പ്രവാചകൻ (സ) തങ്ങളുടെ സദസ്സുകളിൽ ഹാജരാകും എന്നു പോലും വിശ്വസിച്ച് അദ്ദേഹത്തെ വരവേറ്റ് സ്വാഗതം ചെയ്ത് എഴുന്നേൽക്കുന്നു വെങ്കിൽ എന്തൊരു വിചിത്രമാണത് . പ്രവാചകനോ മറ്റാരെങ്കിലുമോ അന്ത്യദിനത്തിനു മുമ്പ് ഖബറുകളിൽ നിന്ന് ,പുറത്തുകൊണ്ട് വരപ്പെടില്ലെന്നത് മുസ്ലിം പണ്ഡിതന്മാർക്കിടയിൽ തർക്കമില്ലാത്ത വസ്തുതയാണ് .
എന്നാൽ നബി(സ)ക്ക് വേണ്ടി സ്വലാത്ത് ചൊല്ലുന്നത് ഏറ്റവും ശ്രേഷ്ഠമായതും പുണ്ണ്യവും സൽകർമ്മവുമാണ് .
അല്ലാഹു പറയുന്നു:
(അല്ലാഹുവും അവന്റെ മലക്കുകളും പ്രവാചകന്റെ പേരിൽ അനുഗ്രഹം നേരുന്നുണ്ട്. വിശ്വാസികളേ, നിങ്ങളും അദ്ദേഹത്തിനു വേണ്ടി സ്വലാത്തും സലാമും ചൊല്ലുക .) അഹ്സാബ്:56

ഈ സ്വലാത്ത് ചൊല്ലുവാനായി നബി(സ) പ്രത്യേകമായി സമയമോ, ദിവസമോ ,മാസമോ , നിശ്ചയിച്ചിട്ടില്ല . അതിനാൽ തന്നെ സദാ സമയവും അത് ആകാവുന്നതാണ് .

നബി(സ)പറഞ്ഞു :
(എന്റെ പേരിൽ ആരെങ്കിലും ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അദ്ദേഹത്തിന് പത്ത് വട്ടം അനുഗ്രഹം നേരുന്നതാണ്–)

നമസ്കാരം, വെള്ളിയാഴ്ച ഖുതുബ, ബാങ്കിനുശേഷം, ദുആഇന് മുമ്പ് പോലുള്ള ആരാധന കർമ്മങ്ങളിൽ നബിയുടെ പേരിൽ സ്വലാത്ത് ചൊല്ലാൻ പ്രത്യേകം കൽപ്പിക്കുകയും ചെയ്തിട്ടുണ്ട് .
അല്ലാഹുവേ സത്യം കണ്ടത്തുവാനും അത് അംഗീകരി ക്കുവാനുമുള്ള തുറന്ന വിശാല മനസ്കത ഞങ്ങൾക്കെല്ലാവർക്കും നീ പ്രധാനം ചെയ്യേണമേ . തെറ്റുകളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ഞങ്ങളെ നീ അകറ്റി നിർത്തേണമേ– ആമീൻ.

# ഇസ്റാഅ് , മിഅ്റാജ് ആഘോഷങ്ങൾ

**ചോദ്യം**

ഇസ്റാഅ് മിഅ്റാജ് എന്നീ രാവുകൾ **ആഘോഷിക്കുന്നതിന്റെ** ഇസ്ലാമിക വിധി എന്ത്. ?

**ഉത്തരം :**

അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തങ്ങളെ വ്യക്തമായി മനസ്സിലാക്കാൻ പര്യാപ്തമായ രണ്ടു സംഭവങ്ങളായിരുന്നു ഇസ്റാഉം മിഅ്റാജും എന്നതിൽ സംശയമില്ല. മുഹമ്മദ്(സ) പ്രവാചകനായിരുന്നു എന്ന യഥാർഥ്യവും അതിലൂടെ വിളിച്ചറിയിക്കുന്നുണ്ട്. സർവ്വ വസ്തുക്കളെക്കാൾ അത്യുന്നതനായ അല്ലാഹുവിന്റെ കഴിവിനെയും അവന്റെ അടുക്കൽ പ്രവാചകൻ(സ)ക്കുള്ള മഹാ സ്ഥാനത്തെയും മനസ്സിലാക്കാനും ഇത് സഹായകമാണ്.

അല്ലാഹു പറയുന്നത് കാണുക:

(തന്റെ ദാസനെ (നബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദുൽ അഖ്സയിലേക്ക്- അതിന്റെ പരിസരം നാം അനുഗ്രഹീതമാക്കിയിരിക്കുന്നു- നിശാ യാത്ര ചെയ്യിപ്പിച്ചവൻ എത്രയോ പരിശുദ്ധൻ . നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിന് നാം കാണിച്ചു കൊടുക്കുവാൻ വേണ്ടിയത്രെ അത് . തീർച്ചയായും അവൻ (അല്ലാഹു)എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ) - ഇസ്റാഅ്. 1 -

ഈ സംഭവത്തെ കുറിച്ച് പ്രവാചകൻ (സ) ൽ നിന്ന് ധാരാളം പരമ്പരകളിലൂടെ റിപ്പോർട്ട് ചെയ്യപ്പെട്ട ഹദീസുകളിൽ നിന്ന് ഇപ്രകാരം മനസ്സിലാക്കാൻ സാധിക്കും. ആകാശ ലോകത്തേക്ക് അദ്ദേഹത്തെ ഉയർത്തപ്പെട്ടു. ഓരോ ആകാശത്തിന്റെയും വാതിലുകൾ തുറക്കപ്പെടുകയും ഏഴാനാകാശംവരെ എത്തുകയും ചെയ്തു. അവിടെ വെച്ച് തന്റെ സംരക്ഷകനായ നാഥൻ അവൻ ഉദ്ദേശിച്ച കാര്യങ്ങൾ പ്രവാചകൻ (സ) യോടു സംസാരിച്ചു. അഞ്ചു നേരത്തെ നമസ്കാരം നിർബന്ധമാക്കപ്പെട്ടു.ആദ്യമായി അമ്പത് സമയങ്ങളിലുള്ള നമസ്കാര മായിരുന്നു അല്ലാഹു നിർബന്ധമാക്കിയിരുന്നത്. എന്നാൽ പ്രവാചകൻ (സ) പല പ്രാവശ്യം അവയുടെ എണ്ണം ചുരുക്കുവാൻ ആവശ്യപ്പെട്ടു . അങ്ങനെ അമ്പത് എന്നത് അഞ്ചാക്കി ചുരുക്കുകയും അമ്പതിന്റെ പ്രതിഫലം അതിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു . കാരണം നന്മകൾക്കുള്ള പ്രതിഫലം പത്തിരട്ടിയത്രെ.അനുഗ്രഹ ദാതാവായ അല്ലാഹുവിനാണ് സർവ്വ സുതുതികളും .

ഇസ്റാഅ് മിഅ്റാജ് എന്നീ സംഭവങ്ങൾ നടന്നത് ഏതു രാത്രിയിലായിരുന്നു എന്ന് കൃത്യമായി നിശ്ചയിക്കപ്പെട്ടു കൊണ്ടുള്ള സ്ഥിര

പ്പെട്ട ഹദീസുകൾ ഒന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല. ഇന്ന രാത്രിയിലാ യിരുന്നു അത് നടന്നതെന്ന് പറയപ്പെടുന്ന ഹദീസുകൾ സ്ഥിരപ്പെടാ ത്ത ദുർബലങ്ങളാണെന്നാണ് ഹദീസു പന്ധിതൻ മാരുടെ അഭിപ്രായം.

ജനങ്ങളെല്ലാം അത് മറന്ന് പോയത് തന്നെ അല്ലാഹുവിന്റെ എന്തെങ്കി ലും യുക്തിയായിരിക്കും എന്നേ നമുക്ക് മനസ്സിലാക്കാനുള്ളൂ. ഇനി ആ സംഭവം നടന്നത് എന്നായിരുന്നു എന്ന് സ്ഥിരീകരിക്കപ്പെട്ടു എന്ന് സങ്കൽപിച്ചാൽ തന്നെയും ആ പേരിൽ എന്തെങ്കിലും ആരാധനകൾ പ്രത്യേകമായി ചെയ്യുവാൻ മുസ്ലീംകൾക്ക് അനുവാദമില്ല. പ്രസ്തുത ദിവസം എന്തെങ്കിലും ആഘോഷിക്കുന്നതും അനുവദനീയമല്ല. കാരണം, നബി(സ)യോ അദ്ദേഹത്തിന്റെ അനുചരന്മാരോ ഇസ്റാഅ് മിഅ്റാജ് എന്നിവയുടെ പേരിൽ പ്രത്യേകമായി ആരാധനകളോ ആ ഘോഷങ്ങളോ ചെയ്തിട്ടില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ ദീനിൽ ഉണ്ടാ യിരുന്നു വെങ്കിൽ നബി(സ) തന്റെ സമുദായത്തിന് അത് വിവരിച്ചു കൊടുക്കുമായിരുന്നു. അങ്ങനെയുള്ള വല്ല പ്രവർത്തിയോ വാക്കോ ഉണ്ടായിരുന്നു വെങ്കിൽ സഹാബികൾ അത് റിപ്പോർട്ട് ചെയ്യുകയും അത് നമുക്ക് ലഭിക്കുകയും ചെയ്തിരുന്നു.തന്റെ സമുദായത്തിന് ആവശ്യമുള്ള സർവ്വ കാര്യങ്ങളും യാതൊരു വീഴ്ചയും കൂടാതെ സഹാബികൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. മാത്രമല്ല, ഇതുപോലുള്ള നന്മകൾ ചെയ്യുന്നതിൽ മാത്സര്യം കാണിക്കുന്നവരും കൂടി ആയിരുന്നു അവർ എന്നിരിക്കെ, ഈ രാവിന് എന്തെങ്കിലും സവിശേഷത ഉണ്ടാ യിരുന്നു വെങ്കിൽ അത് സഹാബികൾ നമുക്ക് പറഞ്ഞു തരുമായിരു ന്നു.മാനവരാശിയോട് ഏറ്റവുമധികം ഗുണകാംഷയുള്ള മുഹമ്മദ്(സ) തന്റെ ദൗത്യ നിർവ്വഹണത്തിൽ പരിപൂർണ്ണമായും കടമ നിർവ്വഹി ച്ചിട്ടുമുണ്ട്. അപ്പോൾ പ്രസ്തുത രാവിന് വല്ല മഹത്വവും ഉണ്ടായിരുന്നു വെങ്കിൽ പ്രവാചകൻ (സ) അതിനെ പറ്റി അശ്രദ്ധമായി എന്നോ , അത് മറച്ചുവെച്ചുഎന്നോ പറയേണ്ടിവരും. അത് അസംഭവ്യമാണ്. അപ്പോൾ പ്രസ്തുത രാവിന് മഹത്വം കൽപ്പിക്കുന്നതും അതിനോടനുബന്ധിച്ച് ആഘോഷങ്ങൾ ഉണ്ടാക്കുന്നതും ഇസ്ലാമിൽ പെട്ടതല്ലെന്ന് മനസ്സിലാ ക്കാം. അല്ലാഹു തന്റെ അനുഗ്രഹം പരിപൂർണ്ണമാക്കി ; ഇസ്ലാമിനെ മത മായി പൂർത്തികരിച്ചു തരികയും ചെയ്ത ശേഷം ഈ ദീനിൽ അല്ലാ ഹുവിന്റെ അനുവാദമില്ലാത്ത കാര്യങ്ങൾ ഉണ്ടാക്കാൻ ആർക്കാണ് അവകാശമുള്ളത് .അതാകട്ടെ അവൻ വിലക്കിയതാണു താനും.

വിശുദ്ധഖുർആനിലെ ചില വചനങ്ങൾ കാണുക.
(ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കു ന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെ ട്ടു തന്നിരിക്കുന്നു.)-മാഇദ-3-

(അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ, നിർണ്ണായക വിധിയെ പറ്റിയുള്ള കൽപന നിലവിലില്ലായിരുന്നു വെങ്കിൽ അവർക്കി ടയിൽ ഉടനെ വിധി കൽപ്പിക്കപ്പെടുമായിരുന്നു. അക്രമികളാരോ അവ ർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്.)– ശൂറ–21

വ്യക്തമായ വഴികേടിലേക്ക് നയിക്കുന്ന അനാചാരങ്ങളെ കരുതിയി രിക്കണമെന്ന മുന്നറിയിപ്പും,ബിദ്അത്തുകൾക്കെതിരെ സമുദായം ഉണ ർന്നിരിക്കേണ്ടതിന്റെ അനിവാര്യതയും പ്രവാചകൻ(സ) ഊന്നിപ്പറഞ്ഞി ട്ടുണ്ട്. ബിദ്അത്തുകൾ ചെയ്യുന്നവർക്ക് ഉണ്ടായേക്കാവുന്ന കുറ്റത്തെ കുറിച്ച് അവിടുന്ന് നമ്മെ ഉണർത്തിയിട്ടുമുണ്ട്. ബുഖാരിയും മുസ്ലിമും കൂടി ആയിശ(റ)വിൽ നിന്നും ഉദ്ധരിക്കുന്ന സ്ഥിരപ്പെട്ട ഒരു ഹദീസിൽ ഇപ്രകാരം കാണാം .
(നമ്മുടെ ഈ ( മത)കാര്യത്തിൽ , അതിലില്ലാത്ത വല്ലതും ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്.)
മറ്റൊരു വചനത്തിൽ
(നമ്മുടെ കൽപന ഇല്ലാത്ത വല്ല കാര്യവും ആരെങ്കിലും ചെയ്യുന്നു വെങ്കിൽ അത് തള്ളപ്പെടേണ്ടതാണ്. –മുസ്ലിം –

നബി(സ)വെള്ളിയാഴ്ച ഖുതുബകളിൽ പറയാറുണ്ടായിരുന്ന ഒരു വച നം ജാബിർ(റ)–ൽ നിന്ന് ഉദ്ദരിക്കുന്നത് ഇപ്രകാരമാണ്.

(നിശ്ചയം വൃത്താന്തങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് അല്ലാഹുവിന്റെ ഗ്രന്ഥമാകുന്നു. ഏറ്റവും നല്ല മാർഗ്ഗം മുഹമ്മദ് നബി(സ)യുടെ മാർഗ്ഗ വും .കാര്യങ്ങളിൽ ഏറ്റവും മോശമായത് പുതുതായി ഉണ്ടായതാണ്. എല്ലാ അനാചാരങ്ങളും വഴികേടുമാണ്.) –മുസ്ലിം.
ഹെർബാള് ബ്നുസാരിയ്യ ഉദ്ദരിക്കുന്ന ഒരു സംഭവം കാണുക. അദ്ദേഹം പറഞ്ഞു :
പ്രവാചകൻ(സ) ഒരു ദിവസം ഞങ്ങളുടെ കണ്ണുകളെ ഈറനണിയി ക്കുകയും, ഹൃദയങ്ങളെ നടുക്കുകയും ചെയ്യുന്ന വിധത്തിൽ വളരെ ഗൗരവമായി ഞങ്ങളോട് പ്രസംഗിച്ചു .മനസ്സിൽ തട്ടുന്ന പ്രസംഗം കേ ട്ടപ്പോൾ ഞങ്ങൾ ചോദിച്ചു ;അല്ലാഹുവിന്റെ റസൂലേ ,ഒരു വിടവാങ്ങൽ പ്രസംഗം പോലെയാണല്ലോ താങ്കൾ സംസാരിക്കുന്നത് .ഞങ്ങൾക്ക് ആ വശ്യമുള്ള ഉപദേശം നൽകിയാലും . അപ്പോൾ അവിടുന്നു പറഞ്ഞു :

(നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക .നിങ്ങളുടെ കൈകാര്യകർ ത്താക്കൾ പറയുന്നത് കേൾക്കുകയും അനുസരിക്കുകയും ചെയ്യുക.എ ന്റെ ശേഷം ജീവിക്കുന്ന നിങ്ങൾക്ക് ധാരാളം കാര്യങ്ങളിൽ അഭിപ്രായ വിത്യാസം ഉണ്ടായേക്കാം .അപ്പോൾ നിങ്ങൾ എന്റെ ചര്യയെ മുറുകെ

പിടിക്കുക. എന്റെ ശേഷ മുള്ള ഖുലഫാഉ റാഷിദുകളുടെ ചര്യയെയും നിങ്ങൾ സ്വീകരിക്കുക. അവ മുറുകെ പിടിക്കുക.അണപ്പല്ലുകൾ കൊണ്ട് കടിച്ചു പിടിക്കുക. (മതത്തിൽ) പുതുതായി ഉണ്ടാവുന്ന കാര്യങ്ങളെ നിങ്ങൾ കരുതുക. കാരണം (മതത്തിൽ) പുതുതായി ഉണ്ടാവുന്ന കാര്യങ്ങൾ അനാചാരങ്ങളാണ്. എല്ലാ അനാചാരവും വഴികേടുമാകുന്നു).- അഹ്മദ്,അബൂദാവൂദ്, തുർമുതി, ഇബ്നുമാജ,-

അനാചാരങ്ങളെ സൂക്ഷിക്കണമെന്നും അവയിൽ നിന്ന് അകന്നു നിൽക്കണമെന്നും പൂർവ്വീകരായ പണ്ഡിതന്മാരും, സഹാബികളും, ഉപദേശിച്ചിട്ടുണ്ട്. കാരണം അല്ലാഹുവിന്റെ അനുമതിയില്ലാതെ മത നിയമങ്ങളിൽ കടത്തികൂട്ടുന്നവയായിരിക്കും അത്. അതോടൊപ്പം അല്ലാഹുവിന്റെ ശത്രുക്കളായ കൃസ്ത്യാനികളും യഹൂദികളും അവരുടെ മതത്തിൽ അല്ലാഹുവിന്റെ അനുവാദമില്ലാതെ പലതും കടത്തി ക്കൂട്ടിയതു പോലുള്ള പ്രവർത്തനവുമാണത്. മാത്രമല്ല ഇസ്ലാം അപൂർണ്ണവും ന്യൂനതയുള്ളതുമാണ് എന്ന ധ്വനിയും ഈകടത്തി ക്കൂട്ടലിൽ ഉണ്ടാവുന്നു. യഥാർഥത്തിൽ ഇത് (ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു.) എന്ന അല്ലാഹുവിന്റെ വചനത്തോടുള്ള ഏറ്റുമുട്ടലും വൃത്തികെട്ട ആരോപണവുമാണ്. അനാചാരങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന തിരു നബി(സ)യുടെ വചനത്തോടുള്ള എതിർപ്പുമാണതിനു പിന്നിലുള്ളത്.

ഇസ്റാഅ്, മിഅ്റാജ് രാവിൽ പ്രത്യേകമായി ആരാധനകൾ അനുഷ്ഠിക്കുന്നതും , ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതും ഇസ്ലാമിൽ പെട്ടതല്ലെന്നും അനാചാരമാണെന്നും മനസ്സിലാക്കാൻ ഒരു സത്യന്വേഷിക്ക് തികച്ചും പര്യാപ്തമായ തെളിവുകളാണ് നാം മുകളിൽ പരാമർശിച്ചിരിക്കുന്നത്.

മനസ്സിലാക്കിയ സത്യം മറച്ചു വെക്കൽ പാപമാണ്. അല്ലാഹുവിന്റെ നിയമ നിർദ്ദേശങ്ങൾ ജനങ്ങൾക്ക് വിവരിച്ചു കൊടുക്കൽ മുസ്ലീംകൾക്കു ചെയ്യുന്ന ഗുണകാംഷയുമാണ്. അത് അല്ലാഹു നിർബന്ധമാക്കിയതുമാണ്. അതിനാൽ തന്നെ പല നാട്ടിലെയും മുസ്ലിം സഹോദരൻമാർ മതത്തിന്റെ ഭാഗമാണെന്ന് തെറ്റിദ്ധരിച്ചു ചെയ്തു കൊണ്ടിരിക്കുന്ന ഈ ദുരാചാരത്തെ കുറിച്ച് ഉണർത്തണമെന്ന് ഞാൻ ഉദ്ധേശിച്ചു. സർവ്വ മുസ്ലിംകൾക്കും നന്മയുണ്ടാവട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. അവർക്ക് മതവിജ്ഞാനം വർദ്ധിക്കട്ടെ എന്നു ആഗ്രഹിക്കുന്നു. സത്യത്തെ സ്വീകരിക്കുവാനും അതിൽ സ്ഥിരമായി നിലയുറപ്പിക്കുവാനും അവർക്ക് തൗഫീഖ് ലഭിക്കട്ടെ . തിൻമകളെ ഉപേക്ഷിക്കുവാനുള്ള സൻമനസ്സ് അല്ലാഹു അവർക്ക് പ്രധാനം ചെയ്യട്ടെ . അവൻ സർവ്വ ശക്തനാണല്ലോ.

# ബറാഅത്ത് രാവ്.

വിശുദ്ധഖുർആനിലെ ചില വചനങ്ങൾ കാണുക

(ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപതിപ്പെട്ടു തന്നിരിക്കുന്നു. ) -മാഇദ-3

(അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ) ശൂറ-21-

ആയിശ(റ)ൽ നിന്നും നിവേദനം ചെയ്യുന്നതും ബുഖാരിയും മുസ്ലിമും ഉദ്ദരിക്കുന്നതുമായ ഒരു ഹദീസിൽ ഇപ്രകാരം കാണാം.

നബി(സ) പറഞ്ഞിരിക്കുന്നു:
(നമ്മുടെ ഈ (മത) കാര്യത്തിൽ അതിൽ പെടാത്ത വല്ലതും പുതുതായി ഉണ്ടാക്കിയാൽ അത് തള്ള പെടേണ്ടതാണ്. മുസ്ലിമിന്റെ മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരം കാണാം.(നമ്മുടെ കൽപന ഇല്ലാത്ത വല്ല പ്രവൃത്തിയും ആരെങ്കിലും ചെയ്താൽ അത്(അവനെ) തിരസ്കരിക്കുക) -മുസ്ലിം-

പ്രവാചകൻ (സ)യുടെ വെള്ളിയാഴ്ച്ച ഖുതുബകളിൽ സാധാരണ പറയാറുള്ള ഒരു കാര്യം ജാബിർ(റ)ൽനിന്ന് മുസ്ലിം ഉദ്ദരിക്കുന്നത് ഇപ്രകാരമാണ്.
(വൃത്താന്തങ്ങളിൽ ഏറ്റവും നല്ലത് അല്ലാഹുവിന്റെ ഗ്രന്ഥമാകുന്നു. മാർഗ്ഗങ്ങളിൽ ഏറ്റവും നല്ല മാർഗ്ഗം മുഹമ്മദ് (സ)യുടെ മാർഗ്ഗവും. കാര്യങ്ങളിൽ ഏറ്റവും തിൻമയായത് (മതത്തിൽ)പുതുതായി ഉണ്ടായതാവുന്നു. എല്ലാ അനാചാരവും വഴികേടുമാകുന്നു.) - മുസ്ലിം -

ഇതേ ആശയമുള്ള ധാരാളം ആയത്തുകളും ഹദീസുകളും ഉണ്ട്. ഇവയെല്ലാം വ്യക്തമാക്കുന്ന വസ്തുത എന്താണെന്ന് നമുക്ക് പരിശോധിക്കാം .

ഈ സമുദായത്തിന്റെ മതമായ ഇസ്ലാം അല്ലാഹു തന്നെ പരിപൂർണ്ണമാക്കിയിട്ടിണ്ട് . പ്രവാചകൻ (സ)തന്റെ ഉത്തരവാദിത്വം പൂർണ്ണമായി നിർവ്വഹിച്ച ശേഷമാണ് മരണപ്പെട്ടത്. അല്ലാഹുവിന്റെ നിയമ നിർദ്ദേ

ശങ്ങളായി സമുദായത്തിന് ആവശ്യമുള്ള എല്ലാകാര്യങ്ങളും വാക്കുകളായും പ്രവർത്തനങ്ങളായും അവിടുന്ന് വിവരിച്ചു കൊടുത്തിട്ടുണ്ട്. അവിടുന്ന് വഫാത്തായ ശേഷം ജനങ്ങൾ വല്ല കാര്യവും പുതുതായി ഉണ്ടാക്കുകയും മതത്തിലേക്ക് ചേർത്തി പറയുകയും ചെയ്യുന്നു വെങ്കിൽ എല്ലാ വാക്കും പ്രവർത്തിയും എത്ര നല്ലതായിരുന്നാലും എന്ത് നല്ല ലക്ഷ്യത്തിലായിരുന്നാലും അവ അനാചാരങ്ങളാണ്. അത് തള്ളപ്പെടേണ്ടതാണ്.

ഈ സമീപനം തന്നെയായിരുന്നു സഹാബികളും പൂർവ്വികരായ പണ്ഡിതൻമാരും സ്വീകരിച്ചിരുന്നത്. ബിദ് അത്തുകളെ വളരെയധികം സൂക്ഷിക്കണമെന്നവർ മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ഇബ്നു വള്വാഅ് അബൂഷാമ, ത്വർത്വൂഷി പോലുള്ള പണ്ഡിതൻമാർ സുന്നത്തിന്റെ മഹാത്മ്യവും ബിദ്അത്തുകളുടെ അപകടങ്ങളെയും വിവരിക്കുന്ന ഗ്രന്ഥങ്ങൾ തന്നെ രചിച്ചിട്ടുമുണ്ട് .ഈ രൂപത്തിൽ ജനങ്ങൾ നിർമ്മിച്ചുണ്ടാക്കിയ ഒരു ദുരാചാരമാണ് ശഅബാൻ പതിനഞ്ചാം രാവിനുള്ള ആഘോഷം .

(മലയാളികൾക്കിടയിൽ ബറാഅത്ത് രാവ് എന്നാണിത് അറിയപ്പെടുന്നത് .വിവ:).

പ്രസ്തുത രാവിൽ ആഘോഷിക്കുകയും പകലിൽ പ്രത്യേകമായി നോമ്പ് അനുഷ്ഠിക്കുകയും ചെയ്യുന്നു. സത്യത്തിൽ അവലംബിക്കാവുന്ന സ്ഥിരപ്പെട്ട യാതൊരു രേഖയും ഈ വിഷയത്തിൽ തെളിവായി ഉദ്ധരിക്കപ്പെട്ടിട്ടില്ല. ദുർബലമായ ചില ഹദീസുകളിൽ ഇതിന്റെ ശ്രേഷ്ടത പറയുന്നതായി ചില റിപ്പോർട്ടുകളുണ്ട് . യഥാർഥത്തിൽ അത് തെളിവിന് മാത്രം പ്രബലമേയല്ല. ശഅബാൻ പതിനഞ്ചാം രാവിൽ നമസ്കരിക്കുന്നതിന്റെ ശ്രേഷ്ഠതകൾ വിവരിക്കുന്ന ഹദീസുകൾ മുഴുവനും പ്രവാചകൻ(സ)യുടെ പേരിൽ കെട്ടിയുണ്ടാക്കിയതുമാണ് . പ്രമുഖരായ പണ്ഡിതൻമാർ ഈ വിഷയത്തിൽ എന്ത് പറയുന്നു എന്ന് താഴെ വിവരിക്കാം . ഭൂരിപക്ഷം പണ്ഡിതൻമാരും ഈ വിഷയത്തെ കുറിച്ചു പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്.

ശഅബാൻ പതിനഞ്ചാം രാവിലുള്ള ആഘോഷം അനാചാരമാണ് . അതിന്റെ ശ്രേഷ്ഠത വിവരിക്കുന്ന മുഴുവൻ ഹദീസുകളും ദുർബലമോ, പ്രവാചകന്റെ പേരിൽ കെട്ടിയുണ്ടാക്കിയതോ ആകുന്നു. ഇമാം ഹാഫിള് ബ്നു റജബിന്റെ (ലത്വാഇഫുൽ മആരിഫ്) എന്ന ഗ്രന്ഥം കാണുക. യഥാർഥത്തിൽ ആരാധനയുമായി ബന്ധപ്പെടുന്ന കാര്യങ്ങൾ സ്വഹീ ആയ ഹദീസുകളിൽ സ്ഥിരപ്പെട്ടു വന്നിട്ടുണ്ടെങ്കിൽ മാത്രമേ മറ്റു ന്യൂനതകളുള്ള ഹദീസുകൾകൂടി അതിന് ഉപോൽബലമായി പറയാൻ പാടുള്ളൂ. എന്നാൽ ശഅബാൻ പതിനഞ്ചാൻ രാവിലെ പ്രത്യേക ആരാധ

നയും ആഘോഷവും അടിസ്ഥാനപരമായി യാതൊരു രേഖയും ഇല്ലാത്ത ദുരാചാരമാണ്.

അങ്ങനെയാകുമ്പോൾ ആ വിഷയത്തിൽ ദുർബലമായ ഹദീസുകൾ കൊണ്ട് സംതൃപ്തിയടയാൻ പാടില്ലതന്നെ. ഈ അഭിപ്രായം തന്നെയാണ് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യക്കുമുള്ളത്. ഈ വിഷയത്തിൽ മറ്റു ചില പണ്ഡിതൻമാർ കൂടി എന്തു പറയുന്നു എന്നു നമുക്ക് മനസ്സിലാക്കാം .

ഇതു പോലുള്ള അഭിപ്രായ വ്യത്യാസങ്ങളുള്ള വിഷയങ്ങളിൽ എന്തു സമീപനമാണ് കൈകൊള്ളേണ്ടത് എന്ന് പണ്ഡിതൻമാർ മുഴുവനും ഏകോപിച്ചു പറഞ്ഞതിന്റെ സാരം ഇപ്രകാരമാണ്.
പ്രസ്തുത തർക്കമുള്ള വിഷയത്തെ കുറിച്ചു വിശുദ്ധഖുർആനും, തിരുനബി(സ)യുടെ സുന്നത്തും എന്ത് പറയുന്നു എന്ന് പരിശോധിക്കുക. ശേഷം അവയിൽ കാണുന്നത് സ്വീകരിക്കുകയും അവക്ക് എതിരായുള്ളത് ഒഴിവാക്കുകയും ചെയ്യുക. ആ രണ്ടു ആധികാരിക പ്രമാണങ്ങളിലും കാണപ്പെടാത്ത ആരാധനകൾ അനാചാരമായി മനസ്സിലാക്കി അവ ഉപേക്ഷിക്കുക. ഇതാണല്ലോ വിശുദ്ധഖുർആൻ നമ്മോടു ആവശ്യപ്പെടുന്നതും.

(സത്യ വിശ്വാസികളേ നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യ കർത്താക്കളെയും അനുസരിക്കുക. ഇനി വല്ലകാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അതാണ് വേണ്ടത്. അതാണ് ഉത്തമവും കൂടുതൽ നല്ല പര്യാപസാന മുള്ളതും ) -നിസാഅ് -59-

(അഭിപ്രായ വ്യത്യാസത്തിലായത് ഏത് കാര്യത്തിലാകട്ടെ അതിൽ തീർപ്പു കൽപ്പിക്കുവാനുള്ള അവകാശം അല്ലാഹുവി നാകുന്നു.) -ഷൂറ-10-

(നബിയേ പറയുക നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക.എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയുംചെയ്യുന്നതാണ്. അല്ലാഹുഏറെ പൊറുക്കുന്നവനും കരുണാ നിധിയുമത്രെ)ആലുഇംറാൻ 31-

(ഇല്ല, നിന്റെ രക്ഷിതാവിനെ തന്നെയാണ് സത്യം. അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധി കർത്താവാക്കുകയും നീ വിധി കൽപ്പിച്ചതിനെ പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒ

രു വിഷമവും തോന്നാതിരിക്കുകയും അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികൾ ആവുക യില്ല )-നിസാഅ്-65-

ഇതേ ആശയമുള്ള ധാരാളം വചനങ്ങളിലും പണ്ഡിതൻമാർ പറഞ്ഞി രിക്കുന്ന കാര്യം ഇപ്രകാരം മനസ്സിലാക്കാം . അഭിപ്രായ വ്യത്യാസമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാനദണ്ഡം പരിശുദ്ധ ഖുർആനും പ്രവാചകൻ(സ)യുടെ ചര്യയുമാണ് . പ്രസ്തുത വിഷയത്തെ കുറിച്ച് ആ രണ്ട് പ്രമാണങ്ങളിലും എന്ത് പറയുന്നു എന്ന് പരിശോധിക്കുക യും ആ തീരുമാനം മന സംതൃപ്തിയോടെ സ്വീകരിക്കുകയും ചെയ്യു ക. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗുണക രമായ തും അതാകുന്നു. എന്നാണ്(കൂടുതൽ നല്ല പര്യാവസാനമുള്ളത്) എന്ന സൂക്തത്തിന്റെ താൽപര്യവും.

ലത്വാഇഫുൽ മആരിഫ് എന്ന ഗ്രന്ഥത്തിൽ ഹാഫിള് ഇബ്നു റജബ് (റ) ബറാഅത്ത് രാവിനെ കുറിച്ചു പറഞ്ഞതിന്റെ രത്നന ചുരുക്കം ഇതാണ് . ലുഖുമാനു ബ്നു ആമിർ മക്ഹൂലു, ഖാലിദ്ബ്നു മിഅ്ദാൻ പോലെ യുള്ള ശാമുകരായ താബിഉകൾ ശഅബാൻ പതിഞ്ചാം രാവിനെ വളരെ യധികം മഹത്വമുള്ളതായി കാണുകയും അന്ന് ചില പ്രത്യേക ആരാധനകൾ നടത്തുകയും ചെയ്യാറുണ്ടായിരുന്നു. പൊതു ജനങ്ങൾ ഇതു കാണുകയും സത്യമെന്നു തെറ്റിദ്ധരിച്ചു അത് പിമ്പറ്റുകയും ചെയ്തു. ജനങ്ങൾക്കിടയിൽ കീർത്തി നേടിയ ചില പുരാ ണ കഥകൾ ഇതിനവർ തെളിവായി കാണുകയും ചെയ്തു. ഈ വസ്തു ത മനസ്സിലാക്കിയ പലരും അവയെ പരിത്യജിച്ചു.

എന്നാൽ ബസറയിലുണ്ടായിരുന്ന ചിലർ വീണ്ടും അതിൽ തന്നെ നില കൊണ്ടു.ഹിജാസിലെ പണ്ഡിതൻമാരായിരുന്ന അത്വാഅ്, ഇബ്നു അബീ മലീക, അബ്ദുറഹ്മാൻ ഇബ്നു സൈനുബ്നു അസ്സം തുടങ്ങിയ മദീനയിലെ കർമ്മ ശാസ്ത്ര പണ്ഡിതൻമാരും ഇമാം മാലിക്ക് ബ്നു അനസ് എന്നീ മഹാരഥന്മാരും ബറാഅത്ത് രാവ് ആഘോഷവും പ്രസ്തുത രാവിൽ പ്രത്യാകമായി ആരാധനകൾ ചെയ്യുന്നതും അനാ ചാരമാണ് വ്യക്തംമാക്കിയിട്ടുണ്ട്.

ശാമിലെ തന്നെ പണ്ഡിതന്മാർക്ക് ഈ വിഷയത്തിൽ വ്യത്യാസ്ഥമായ രണ്ടു വീക്ഷണമാനുള്ളത്.
ഒരു വിഭാഗത്തിന്റെ അഭിപ്രായ മനുസരിച്ച് പ്രസ്തുത രാവിൽ പള്ളി യിൽ ഒരുമിച്ചു കൂടലും ആരാധനകളാൽ രാവിനെ സജീവമാക്കലും സുന്നത്താണ് പോലും. അതിനായി പ്രത്യേകം ചന്തമുള്ള വസ്ത്രം ധരിക്കുക, സുഗന്ധംപൂശുക എന്നിവയും അവരുടെ വാദ മനുസരിച്ച്

സുന്നത്താണ്. ഇസ്ഹാഖുബ്നു റാഹ വൈഹിയുടെ വീക്ഷണത്തിൽ പ്രസ്തുത രാവിൽ സംഘമായി പള്ളികളിൽവെച്ച് നമസ്കരിക്കൽ അനാചാരമാകില്ല എന്നാണ്. എന്നാൽ ഖാലിദ്ബ്നു മിഅ്ദാൻ, ലുഖു മാനുബ്നു ആമിർ എന്നിവർ പ്രസുത രാവിൽ പള്ളികളിൽ സംഘടിച്ച് രാത്രി ജീവസ്സുറ്റതാക്ക ൽ സുന്നത്താണെന്ന് അവിപ്രായപ്പെടുന്ന വരാണ് .

മറ്റൊരു വിഭാഗത്തിന്റെ വീക്ഷണം മനുസരിച്ച് പള്ളികളിൽ ഒരുമിച്ചു കൂടുന്നതും അന്ന് പ്രത്യേക പ്രാർത്ഥനകളും കഥകളും ചൊല്ലുന്ന രീതിയും വെറുക്കപ്പെട്ടതാകുന്നു. എന്നാൽ പ്രസ്തുത രാവിൽ തന്റെ സ്വന്തത്തിനായി പ്രത്യേകം നമസ്കാരം നിർവ്വഹിക്കുന്നതിനു വിരോധ മില്ല . ഷാമുകാരുടെ ഇമാമായിരുന്ന ഔസാഈയുടെ അഭിപ്രായവും ഇതാകുന്നു.

രണ്ടു പെരുന്നാൾ രാവുകളിലും പ്രത്യേക സംഘം ചേർന്നു പള്ളിക ളിൽ ഒരുമിച്ചു കൂടി നമസ്കരിക്കുന്ന പതിവ് പ്രവാചകൻ(സ)യിൽ നിന്നോ , സഹാബികളിൽ നിന്നോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല . എങ്കിലും താബികളിൽപ്പെട്ട അബ്ദുറഹിമാൻ യസീദ് ബ്നുൽ അസ്വദ് അങ്ങ നെ ചെയ്യാറുണ്ടായിരുന്നു എന്നതിനാൽ പെരുന്നാൾ രാവിൽ അങ്ങിനെ നമസ്കരിക്കുന്നതിനു വിരോധമില്ല എന്ന് ധ്വനിപ്പിക്കുന്ന രണ്ട് റിപ്പോർ ട്ടുകൾ ഇമാം അഹ്മദിൽ നിന്നും ഉദ്ധരിക്കുന്നുണ്ട്. എന്നിട്ടു പോലും ക അബാൻ പതിനഞ്ചാം രാവിൽ പ്രത്യേകം നമസ്കരിക്കാവുന്നതാണ് എന്ന് ഇമാം അഹ്മദിന് അഭിപ്രായമില്ല . കാരണം നബി(സ)ൽ നിന്നോ , സഹാബത്തിൽ നിന്നോ, പ്രസ്തുത രാവിൽ എന്തെങ്കിലും ഒരു ആരാധ ന പ്രത്യേകമായി ചെയ്തിരുന്നു എന്ന് സ്ഥിരപ്പെട്ടു വന്നിട്ടേയില്ല. മറിച്ച് ശാമിലുണ്ടായിരുന്ന ചില താബീഈ പണ്ഡിതൻമാരെ പിന്തുടരുന്നവ രാണ് ഇപ്രകാരം ചെയ്യുന്നത് .

അതിനാൽ തന്നെ ശഅബാൻ പതിനഞ്ചാം രാവിൽ പ്രത്യേക ആരാധന നടത്തുന്നത് നബിയിൽ നിന്നോ, സഹാബത്തിൽ നിന്നോ, മാതൃകയി ല്ലാത്ത കാര്യമാണെന്നത് ഖണ്ഡിതമാണ് .

അങ്ങനെയാവുമ്പോൾ പ്രസ്തുത രാവിൽ ഓരോരുത്തർക്കായി നമ സ്കരിക്കാവുന്നതാണെന്ന് ഔസാഇയും , ഇബ്നു റജബും അഭിപ്രാ യപ്പെടുന്നുണ്ടെങ്കിൽ കേവലം ദുർബലമായതും ഒറ്റപ്പെട്ടതുമായ അഭി പ്രായമായി മാത്രമേ നമുക്ക് കാണാൻ പാടുള്ളൂ . കാരണം മതപര മായ തെളിവുകളുടെ പിമ്പലമില്ലാത്ത ഒരു കാര്യം അല്ലാഹുവിന്റെ ദീ നിലേക്ക് ചേർത്തിപറയുവാൻ ഒരുമുസ്ലിമിന്നുമധികാരമില്ല .അത് വ്യ

ക്തിപരമോ, സാമൂഹ്യമോ,എന്നോ, രഹസ്യമോ,പരസ്യമോ എന്നോ നോക്കേണ്ടതുമില്ല .

(നമ്മുടെ കൽപന യില്ലാത്ത കാര്യം ആരു ചെയ്താലും അത് തള്ള പ്പെടേണ്ടതാണ്.)എന്ന പ്രവാചകവചനത്തിന്റെ പൊതു താൽപര്യവുമാ ണത്.ദുരാചാരങ്ങളെ വളരെയധികം സൂക്ഷിക്കണമെന്നു മുന്നറിയിപ്പു നൽകുന്ന ഇതുപോലുള്ള ധാരാളം തെളിവുകൾ കാണാവു ന്നതാണ് .

ഈ വിഷയത്തെ കുറിച്ചു മഹാനായ ഇമാം അബൂബക്കർ ത്വർതൂഷി (റ)യുടെ അഭിപ്രായം തന്റെ ഗ്രന്ഥമായ -അൽ അവാദിസു വൽ ബിദഉ (അനാചാരങ്ങളും യഥാർഥ്യങ്ങളും ) -ൽ ഇപ്രകാരം രേഖപ്പെടുത്തിയി ട്ടുണ്ട് . പ്രസിദ്ധ പണ്ഡിതൻനായിരുന്ന ഇബ്നു വള്ളാഹ്, സൈദ് ബ്നു അസ്ലമിൽ നിന്നു ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു . നമ്മുടെ ഗുരു നാഥന്മാരോ, നമ്മുടെ കർമ്മ ശാസ്ത്ര പണ്ഡിതാന്മാരോ ശഅബാൻ പതിനഞ്ചാം രാവിന് എന്തെങ്കിലും പ്രാധാന്യം നൽകിയിരുന്നതായി നാം കണ്ടിട്ടില്ല . പ്രസ്തുത രാവിന് ഒരു ശ്രേഷ്ഠതയും അവർ കണ്ടി ട്ടുമില്ല. മക്ഹൂൽ എന്ന വ്യക്തി ആ വിഷയത്തെ പറ്റി ഉദ്ദരിച്ച ഹദീസി നെ അവർ മുഖവിലക്ക് എടുത്തിട്ടേയില്ല. ഇബ്നു അബീ മുലൈകയിൽ നിന്നുള്ള ഒരു വചനം ശ്രദ്ധിക്കുക. സിയാദു നുമൈരി പറഞ്ഞിരി ക്കു ന്നു . ശഅബാൻ പതിനഞ്ചിനുള്ള ശ്രേഷ്ഠതക്ക് ലൈലത്തുൽ ഖദ്റിനു ള്ള ശ്രേഷ്ഠത പോലെ മഹത്വമുണ്ട് എന്ന് പറയുന്നവരെ ഞാൻ കാ ണുകയാണെങ്കിൽ ഞാൻ അവരെ പ്രഹരിക്കുന്നതാണ് .

അല്ലാമാ ഷൗകാനി (റ)(അൽ ഫവാഇദുൽ മജ്മൂഅ) എന്ന തന്റെ ഗ്ര ന്ഥത്തിൽ ഈവിഷയത്തെ കുറിച്ചു പറഞ്ഞതിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്. ഒരുഹദീസിൽ ഇങ്ങനെ കാണാം .(അല്ലയോ അലിയേ, ശഅബാൻ പതിനഞ്ചാം രാവിൽ സൂറത്തുൽ ഫാതിഹയും ,ഇഖ്ലാസും പത്ത് പ്രാവശ്യം വീതം പാരായണം ചെയ്ത് നൂറു റകഅത്ത് നമസ് കരിക്കുകയാണെങ്കിൽ അയാളുടെ എല്ലാ ആവശ്യംങ്ങളും അല്ലാഹു പൂർത്തിയാക്കി കൊടുക്കുന്നതാണ്.) ഈഹദീസ് പ്രവാചകൻ(സ)യുടെ പേരിൽ കെട്ടിയുണ്ടാക്കിയതാണ് .അതിലെ റിപ്പോർട്ടർമാർ മുഴുവനും അറിയപ്പെടാത്തവരാണ്. ഇതേ ആശയമുള്ള പല റിപ്പോർട്ടുകളു ണ്ടെങ്കിലും എല്ലാം പ്രവാചകന്റെ പേരിൽ കെട്ടിയുണ്ടാക്കിയതും റിപ്പോർട്ടർമാർ ആരാണെന്ന് അറിയപ്പെടാത്തവരുമാണ് .

ഷൗകാനി തന്റെ അൽമുഖ്തസ്വിർ എന്ന ഗ്രന്ഥത്തിൽ ശഅബാൻ പതിനഞ്ചാം രാവിന്റെ നമസ്കാര പോരിശ പറയുന്ന മുഴുവൻ ഹദീസു കളും നിരർത്ഥകങ്ങളാകുന്നു എന്നാണ് പറഞ്ഞിട്ടുള്ളത് .

ഇബ്നുഹിബ്ബാൻ റിപ്പോർട്ടു ചെയ്യുന്നത് ഇങ്ങനെയാണ്. ശഅബാൻ പതിനഞ്ചാം രാവിൽ നിങ്ങൾ നമസ്കരിക്കുകയും പകലിൽ നോമ്പനു ഷ്ഠിക്കുകയും ചെയ്യുക.

ഹദീസു പണ്ഡിതന്മാർ ദുർബലമാണ് എന്ന് പറഞ്ഞ ഹദീസാണിത് .ഈ വിഷയത്തിൽ മൂന്ന് റിപ്പോർട്ടുകളിലായി പറയപ്പെടുന്ന മറ്റൊരു ഹദീസ് അല്ലആലി എന്ന ഗ്രന്ഥത്തിൽ കാണാം . അതിങ്ങനെയാണ്.
(ശഅബാൻ പതിനഞ്ചാം രാവിൽ പത്ത് പ്രാവശ്യം വീതം സൂറത്ത് ഇഖ് ലാസ് പാരായണം ചെയ്തു കൊണ്ട് നൂറു റകഅത്ത് നമസ്കരിക്കുക.)

കെട്ടിയുണ്ടാക്കിയ ഈഹദീസിന്റെയും ഭൂരി പക്ഷം റിപ്പോർട്ടർമാരും അറിയപ്പെടാത്തവരും ദുർബലൻമാരു മാകുന്നു. (മുപ്പത് പ്രാവശ്യം സൂറത്ത് ഇഖ്ലാസ് ഓതികൊണ്ട് പന്ത്രണ്ട് റകഅത്ത് നമസ്കരിക്കുക) എന്നും മറ്റൊരു റിപ്പോർട്ടിൽ (പതിനാലു റകഅത്തു നമസ്കരിക്കുക) എന്നും കാണാവുന്നതാണ്. ഇവയെല്ലാം ദുർബലങ്ങളുമാണ് .ഈ രൂപത്തിലുള്ള റിപ്പോട്ടുകളിൽ ധാരാളം ആളുകൾ ചതിയിൽ അകപ്പെട്ടിരിക്കുകയാണ്. യഥാർഥത്തിൽ മുഴുവൻ റിപ്പോട്ടുകളും ദുർബലങ്ങളാണ്. എന്നാൽ മുകളിൽ പ്രസ്താവിച്ചതിൽ നിന്ന് സ്വൽപം ന്യൂനതയുണ്ടെങ്കിലും ആയിശ(റ)-ൽ നിന്ന് നിവേദനം ചെയ്യുന്ന ഹദീസിനെ നാം നിരാകരിക്കുന്നുമില്ല . അതിന്റെ സാരം ഇപ്രകാരമാണ് .

പ്രവാചകൻ(സ) ജന്നത്തുൽ ബഖീഇലേക്ക് പോകാറുണ്ടായിരുന്നു. എന്നും രാത്രിയുടെ പകുതി കഴിഞ്ഞാൽ അല്ലാഹു ഒന്നാനാകാശത്തേക്ക് ഇറങ്ങുമെന്നും പാപങ്ങൾ പൊറുക്കുമെന്നും പറയുന്ന തിർമുദിയുടെ ഒരു റിപ്പോർട്ടിലാണിതുള്ളത്.

അതേ പോലെ തന്നെ ശഅബാൻ പതിനഞ്ചാൻ രാവിലെ പ്രത്യാക നമസ്കരത്തെ അനാചാരമാണെന്നു പറയുന്നതു കൊണ്ട് പൊതുവിലുള്ള രാത്രി നമസ്കാരത്തെ നാം നിഷേധിക്കേണ്ടതുമില്ല. ശഅബാൻ പതിനഞ്ചാൻ രാവിനെ കുറിച്ച് ഹാഫിള് ബ്നുൽ ഇറാഖിയുടെ അഭിപ്രായം കാണുക. പ്രസ്തുത രാവിൽ പ്രത്യേകം നമസ്കരിക്കണം എന്ന് പറയുന്ന ഹദീസ് നബി(സ)യുടെ പേരിൽ കെട്ടിചമച്ചുണ്ടാക്കിയ കള്ള ഹദീസാകുന്നു.

ഇമാം നവവിയുടെ വീക്ഷണം അദ്ദേഹത്തിന്റെ അൽ മജ്മൂഅ് എന്ന ഗ്രന്ഥത്തിൽ പരാമർശിക്കുന്നത് ഇപ്രകാരമാണ്. റജബ് മാസ ത്തിലെ ആദ്യത്തെ വെള്ളിയാഴ്ച രാവിൽ ഇഷാ, മഗ്രിബിന്റെ ഇടയിൽ സ്വലാത്തു റഗാഇബ് എന്ന പേരിൽ ചെയ്തു വരുന്ന പന്ത്രണ്ടു

റകഅത്തുള്ള നമസ്കാരവും ശഅബാൻ പതിനഞ്ചാം രാവിനുള്ള നൂറു റകഅത്തും നമസ്കാരവും വെറുക്കപ്പെട്ട അനാചാരമാണ് .

ഇഹ് യാ ഉലൂമുദ്ദീൻ ,ഖൂതുൽ ഖൂലൂബ് , എന്നീ ഗ്രന്ഥങ്ങളിലും ഈ വിഷയത്തിൽ റിപ്പോർട്ടു ചെയ്ത ദുർബല ഹദീസുകളിലുള്ള പരാമർ ശങ്ങളിൽ വഞ്ചിതരായി പോകുന്നത് സൂക്ഷിക്കുക. അവ അടിസ്ഥാന രഹിതമാണ് .

ശൈഖുൽ ഇമാം അബൂമുഹമ്മദ് ,അബ്ദുറഹ്മാൻ ഇബ്നു ഇസ്മാ ഈൽ അൽമുഖദ്ദസി ശഅബാൻ പതിനഞ്ചാം രാവിലെ പ്രത്യേക ആരാ ധനകളും , നമസ്കാരവും മറ്റ് ആഘോഷവുമെല്ലാം തന്നെ തെളിവുക ളില്ലാത്ത കാര്യമാണെന്ന് പ്രമാണങ്ങളുടെ വെളിച്ചത്തിൽ വിവരിച്ചു കൊണ്ട് ബൃഹദ് ഗ്രന്ഥം തന്നെ രചിച്ചിട്ടുണ്ട്. മറ്റു പണ്ഡിതന്മാരും ഈ വസ്തുത വളരെ വ്യക്തമായി വിവരിച്ചുണ്ട് അവരുടെ മുഴുവൻ അഭിപ്രായങ്ങളും ഇവിടെ ഉദ്ദരിക്കുന്ന പക്ഷം ഈ ലേഖനം വളരെയ ധികം ദൈർഘ്യമേറുമെന്ന് ഞാൻ ഭയപ്പെടുന്നു. യഥാർഥത്തിൽ സത്യാന്വോഷികൾക്ക് തികച്ചും സ്വീകരിക്കാൻ പര്യാപ്തമായ തെളിവു കളാണല്ലോ ഇത്രയുംപരാമർശിച്ചിരിക്കുന്നത്. സത്യം കണ്ടെത്താൻ അതു തന്നെ മതിയാവുന്നതാണ് .

ഇത്രയും പരാമർശിച്ചതിൽ നിന്നു മനസ്സിലാക്കാവുന്ന കാര്യം ശഅബാൻ പതിനഞ്ചാം രാവിൽ പ്രത്യേകമായി വല്ല ആഘോഷവും ,നമസ്കാരവും ചെയ്യുന്നതും, പകലിൽ നോമ്പനുഷ്ടിക്കുന്നതും വെറു ക്കപ്പെട്ട അനാചാരമാണ്. ഭൂരിപക്ഷം പണ്ഡിതന്മാരുടെ വീക്ഷണവും ഇതു തന്നെ. പവിത്രമായ ഇസ്ലാമിക ശരീഅത്തിൽ പ്രമാണങ്ങളുടെ യാ തൊരു പിൻബലവും ഇല്ലാത്ത ഒരു അനാചാരവും സഹാബികളുടെ കാല ശേഷം ഇസ്ലാമിൽ കടന്നു കൂടിയതുമാണെന്നും വ്യക്തമാണ് . സത്യാന്വോഷിയായ ഒരു നിഷ്പക്ഷനായ വ്യക്തിക്ക് വിശുദ്ധഖുർ ആനിലെ (ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കി ത ന്നിരിക്കുന്നു) എന്ന സൂക്തം തന്നെ എമ്പാടും മതിയാവുന്നതാണ് .

പ്രവാചകൻ(സ)യുടെ ചില വചനങ്ങൾകൂടി നമുക്ക് പരിശോധിച്ചു നോക്കാം. അവിടുന്ന് ഇപ്രകാരം പറഞ്ഞു:

(നമ്മുടെ ഈമതകാര്യത്തിൽ അതിലില്ലാത്ത കാര്യം ആരെങ്കിലും പുതു തായി ഉണ്ടാക്കിയാൽ അതു തള്ളപ്പെടേണ്ടതാണ്)ബുഖാരി) മുസ്ലിം–

(സൂര്യനുദിക്കുന്ന ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ദിവസം വെ ള്ളിയാഴ്ചയാണ് എന്ന് നബി(സ) പഠിപ്പിച്ചുട്ടുണ്ട്. )

എന്തെങ്കിലും ഒരു ആരാധന പ്രത്യേകമായി ഉണ്ടാക്കുവാനോ ചെയ്യുവാനോ അനുവാദ മുണ്ടായിരുന്നുവെങ്കിൽ ആ വെള്ളിയാഴ്ച രാവിൽ പ്രവാചകൻ അനുവദിക്കുമായിരുന്നു. എന്നാൽ അബൂഹുറൈറയിൽ നിന്നു മുസ്ലിം ഉദ്ധരിക്കുന്ന ഒരു ഹദീസിൽ പ്രവാചകൻ(സ) പറയുന്നത് കാണുക.

(വെള്ളിയാഴ്ച രാവുകളിൽ മാത്രമായി നിങ്ങൾ പ്രത്യേകം നമസ്കാരം നിർവ്വഹിക്കുകയോ , സധാരണയായി നിങ്ങൾ നോമ്പെടുത്തു വന്നാലല്ലാതെ അതിന്റെ പകലിൽ പ്രത്യേകമായി നിങ്ങൾ നോമ്പെടുക്കുകയോ ചെയ്യരുത്) – മുസ്ലിം –
ഏതെങ്കിലും ഒരു ദിവസം പ്രത്യകമായ ആരാധന ചെയ്യുവാൻ അനുവാദമുണ്ടായിരുന്നു വെങ്കിൽ ഏറ്റവും ശ്രേഷ്ഠമായ വെള്ളിയാഴ്ച അത് അനുവദിക്കേണ്ടതായിരുന്നു. അതു പോലും പ്രവാചകൻ (സ)വിലക്കി എന്നു വരുമ്പോൾ മറ്റു ദിവസങ്ങളിൽ രാത്രിയോ പകലിലോ പ്രത്യേകം ആരധനകൾ ചെയ്യുന്നതും വിലക്കപ്പെട്ടിരിക്കുന്നു എന്നതിനു പ്രത്യേകം തെളിവുകളുടെ ആവശ്യമില്ല .

സ്ഥിരപ്പെട്ടതും സ്വഹീഹ് ആയതുമായ തെളിവുകളുടെ പിമ്പലമില്ലാതെ പ്രത്യേക ആരാധനകൾ ചെയ്യാൻ ആർക്കും അനുവാദമില്ല. റമളാനിലെ രാവുകളിലും ലൈലത്തുൽ ഖദ്റിന്റെ രാവിലും കൂടുതൽ ശ്രദ്ധയോടും ത്യാഗ മനസ്ഥിതിയോടും ആരാധനകൾ ചെയ്യാൻ നബി(സ) തന്റെ സമുദായത്തിനോട് ഉണർത്തിയിട്ടുണ്ട് . മാത്രമല്ല പ്രത്യുത രാവുകളിൽ പ്രവാചകൻ(സ) കൂടുതൽ ശ്രദ്ധ പുലർത്താറുണ്ടായിരുന്നു എന്നു സ്ഥിരപ്പെട്ടിട്ടുമുണ്ട് . അവിടുന്നു പറഞ്ഞു.
(റമളാനിൽ ആരെങ്കിലും പ്രതിഫലം ആഗ്രഹിച്ചു കൊണ്ടും വിശ്വാസത്തോടു കൂടിയും നിന്നു നമസ്കരിക്കുകയാണെങ്കിൽ അവന്റെ കഴിഞ്ഞു പോയ പാപങ്ങൾ അല്ലാഹു പൊറുത്തു കൊടുക്കുന്നതാണ്.)
ബുഖാരി ,മുസ്ലിം –
(ലൈലത്തുൽ ഖദറിന്റെ രാവിൽ ആരെങ്കിലും പ്രതിഫലം ആഗ്രഹിച്ചു കൊണ്ടു വിശ്വാസത്തോടു കൂടിയും നിന്നു നമസ്കരിക്കുകയാണെങ്കിൽ അവന്റെ കഴിഞ്ഞു പോയ പാപങ്ങൾ അല്ലാഹു പൊറുത്തു കൊടുക്കുന്നതാണ്.)– ബുഖാരി

ശഅബാൻ പതിനഞ്ചാം രാവിനോ റജബ് മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച രാവിനോ ഇസ്റാഅ് മിഅ്റാജ് രാവുകൾക്കോ എന്തെങ്കിലും സവിശേഷതയും പ്രത്യേക ആരാധനകളും ഉണ്ടായിരുന്നു വെങ്കിൽ നബി(സ) അത് പ്രാവർത്തികമാക്കുകയും തന്റെ സമുദായത്തിന് അത് പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ ചെയ്തിരുന്നു വെങ്കിൽ മാനവരിൽ മഹോന്നതരായ തിരു നബി(സ)

യുടെ സഹാബികൾ അത് റിപ്പോർട്ട്ചെയ്യാതിരിക്കില്ല. അങ്ങനെ പിൻതലമുറക്ക് അത് മനസ്സിലാക്കാൻ സാധിച്ചിരുന്നു . കാരണം അല്ലാഹു സംതൃപതാരായി പ്രഖ്യാപിച്ച പ്രവാചകൻ(സ)യുടെ അനുചരന്മാരായ സഹാബികൾ പ്രവാചകൻ(സ)യുടെ അധ്യാപനങ്ങൾ ഒന്നും തന്നെ മറച്ചു വെക്കാതെ മുസ്ലിം സമുദായത്തിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . പ്രവാചകൻമാരെ കഴിഞ്ഞാൽ മനുഷ്യരാശിയോട് ഏറ്റവു മധികം സൽഗുണവും ഗുണകാംഷയും പുലർത്തിയവരായിരുന്നുവല്ലോ ആ മഹാരഥന്മാർ .

മുകളിൽ പ്രസ്താവിച്ചതിൽ നിന്നും നമുക്ക് ഇപ്രകാരം മനസ്സിലാക്കാം. റജബ് മാസത്തിലെ ആദ്യത്തെ വെള്ളിയാഴ്ച രാവിലും ശഅബാൻ പതിനഞ്ചാം രാവിലും ചിലർ നടത്തുന്ന പ്രത്യേകമായ ആരാധനകളും ആ ദിവസങ്ങൾക്ക് മഹത്വം കൽപ്പിക്കുന്നതും പ്രവാചകൻ (സ)യിൽ നിന്നോ സഹാബികളിൽ നിന്നോ സ്ഥിരപ്പെട്ടിട്ടില്ല . അതിനാൽ തന്നെ അത് വെറുക്കപ്പെട്ട അനാചാരവും വർജ്ജിക്കേണ്ടതുമാണ് . ചിലരുടെ ജൽപനങ്ങൾക്കനുസരിച്ച് ഇസ്റാഅ് മിഅ്റാജ് രാവിന്റെ പേരിൽ നടത്തപ്പെടുന്ന പ്രത്യേക ആഘോഷവും വെറുക്കപ്പെട്ട അനാചരമാണ് .മാത്രമല്ല ഇത് ഏത് രാവിലാണ് സംഭവിച്ചത് എന്ന് സ്ഥിരീകരിക്കപ്പെടുക കൂടി ചെയ്തിട്ടില്ല എന്നു വരുമ്പോൾ അതിന്റെ ഗൗരവം വർദ്ധിക്കുമെന്നും നാം മനസ്സിലാക്കുക. പ്രഗൽഭരായ പണ്ഡിതൻമാർ ഇസ്റാഅ് ,മിഅ്റാജ് സംഭവം നടന്നത് റജബ് ഇരുപത്തിഏഴാം രാവിലാണ് എന്ന അഭിപ്രായത്തോടു യോജിക്കുന്നില്ല .ചുരുക്കത്തിൽ ഒരു അറബി പദ്യത്തിന്റെ സാരമെങ്കിലും നാം ഉൾകൊണ്ടിരുന്നു വെങ്കിൽ എത്ര നന്നായിരുന്നു എന്ന് നമുക്കാശിക്കാം .

മുൻകാമികളുടെ മാർഗ്ഗമാണു നന്മ ;
മാതൃകയില്ലാതുള്ള കാര്യം തിൻമ.

വിശുദ്ധ ഖുർആനും തിരുസുന്നത്തും മുറുകെ പിടിച്ച് അതിൽ അടിയുറച്ചു ജീവിക്കാൻ അല്ലാഹു മുസ്ലിം സമുദായത്തിന് തൗഫീഖ് ചെയ്യട്ടെ .

## മദീനാ പള്ളിലെ കള്ള സ്വപ്നം - ഒരു വിശകലനം.

സർവ്വ മുസ്ലിം സഹോദരങ്ങൾക്കുമായ് അബ്ദുൽ അസീസുബ്നു അബ്ദുല്ല ഇബ്നുബാസ് എഴുതുന്നത്.ധിക്കാരികളായ അല്പജ്ഞരുടെ ദുരാരോപണങ്ങളിൽ നിന്നും മുസ്ലിം സമൂഹത്തെ അല്ലാഹു സംരക്ഷിക്കട്ടെ.

അസ്സലാമു അലൈക്കും വറഹ് മത്തുല്ലാഹ് .

മസ്ജിദു ന്നബവിയുടെ പരിപാലകനായിരുന്ന ശൈഖ് അഹമദിലേക്ക് ചേർത്തി പറയുന്ന (( **മദീനയിൽ നിന്നും ശൈഖ് അഹമദിന്റെ വസ്വിയത്ത്** )) എന്ന പേരിലുള്ള ഒരു പ്രസിദ്ധീകരണം എന്റെ ശ്രദ്ധയിൽ പെട്ടു. അതിലദ്ദേഹം പറയുന്നു .

വെള്ളിയാഴ്ച രാവിൽ വിശുദ്ധഖുർആൻ ഓതി കൊണ്ട് ഞാൻ ഉറക്കമൊഴിച്ചുകൊണ്ടിരുന്നു. പിന്നീട് ഞാൻ അല്ലാഹുവിന്റെ നാമ വിശേഷണങ്ങൾ ചൊല്ലുകയും ശേഷം ഉറങ്ങുവാൻ തയ്യാറാവുകയും ചെയ്തു. അപ്പോൾ ലോകാനുഗ്രഹിയായ മുഹമ്മദ് മുസ്തഫാ(സ) ഖുർആനിലെ ആയത്തുകളും ധാരാളം ഹിക്മത്തു കളുമായി എന്റെ അടുക്കൽ വന്നതായി ഞാൻ കണ്ടു . അവിടുന്ന് എന്നെ വിളിച്ചു..
അല്ലയോ ശൈഖു അഹമദ് ,
അപ്പോൾ ;
സൃഷ്ടികളിൽ അത്യുത്തമരായവരെ, ലബൈക്ക യാ റസൂലുള്ളാ..
എന്നു ഞാൻ വിളികേട്ടു .
അപ്പോൾ അവിടുന്ന് എന്നോട് ഇപ്രകാരം പറഞ്ഞു:
മനുഷ്യരുടെ വൃത്തികേടുകൾ കാരണം എനിക്കെന്റെ നാഥനുമായും മലക്കുകളുമായും അഭിമുഖീകരിക്കുവാൻ ലജ്ജ തോന്നുന്നു . കാരണം രണ്ടു വെള്ളിയാഴ്ചകൾക്കിടയിലായി ഒരു ലക്ഷത്തി അറുപതിനായിരം ആളുകൾ ഈമാൻ ലഭിക്കാതെയാണ് മരണപ്പെട്ടത് . പിന്നീട് മനുഷ്യർ ചെയ്തു കൊണ്ടിരിക്കുന്ന കുറ്റ കൃത്യങ്ങളെ കുറിച്ച് പരാമർശിച്ചു കൊണ്ട് പറഞ്ഞു . ഇത് സർവ്വ പ്രതാപിയായ അല്ലാഹുവിന്റെ ഉപദേശമാകുന്നു.
പിന്നീട് അന്ത്യനാളി നോടനുബന്ധിച്ച് ഉണ്ടാവുന്ന കുറേ ലക്ഷണങ്ങൾ അവിടുന്നു എന്നോടുപറഞ്ഞു.അതിപ്രകാരമായിരുന്നു.
അല്ലയോ ശൈഖ് അഹമദ്,
ഈ ഉപദേശങ്ങൾ ലൗഹുൽ മഹ്ഫൂളിൽ നിന്നുള്ളതാകുന്നു . ഇത് ഒരു നാട്ടിൽ നിന്നും മറ്റൊരു നാട്ടിലേക്കും ഒരു കടയിൽ നിന്ന് മറ്റൊന്നിലേക്കും എന്നിങ്ങനെ ആരെങ്കിലും പ്രചരിപ്പിക്കിന്നു വെങ്കിൽ അയാ

ൾക്കു വേണ്ടി സ്വർഗ്ഗത്തിലൊരു കൊട്ടാരം നിർമ്മിക്കപ്പെടും. ഈ ഉപദേശം പ്രചരിപ്പിക്കാത്തവർക്ക് അന്ത്യ നാളിൽ എന്റെ ശുപാർശ ലഭിക്കുകയില്ല . ദരിദ്രൻമാർ ഇത് പ്രചരിപ്പിക്കുന്നു വെങ്കിൽ ധനാഢ്യരാവും. കടം കൊണ്ട് വലഞ്ഞവനാണെങ്കിൽ അത് വീടുന്നതാണ് .പാപിയാണെങ്കിൽ പാപങ്ങൾ പൊറുക്കപ്പെടും. ഇത് സത്യപ്പെടുത്താതിരിക്കുന്നു വെങ്കിൽ അന്ത്യ നാളിലും ഇവിടെയും അയാളുടെ മുഖം കറുത്തിരുണ്ടു പോകും .

ശൈഖ് അഹമദ് പറയുന്നു.
മൂന്ന് പ്രാവശ്യം അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു കൊണ്ട് ഞാൻ പറയുന്നു. ഈ വസിയത്ത് സത്യമാണ് . ഇതെങ്ങാനും കളവാണെങ്കിൽ ഞാൻ അമുസ്ലിമായി കൊണ്ട് ഈ ഭൂമിയിൽ നിന്നും മരിച്ചു പോകട്ടെ .ഇതിനെ കളവാക്കുന്നവർ കാഫിറാകുന്നതാണ് .ഇത് സ്വീകരിക്കുന്നവർക്ക് നരഗകത്തിൽ നിന്നും മോചനം ലഭിക്കുന്നതാണ് .

പ്രവാചകൻ(സ)യുടെ പേരിലുള്ള കള്ള വസ്വിയത്തിന്റെ സാരാംശമാണിത് . വർഷങ്ങളോളമായി പല സന്ദർഭങ്ങളിലായി കൊണ്ട് ഈ കള്ള ഉപദേശം മുസ്ലിം പൊതുജനങ്ങൾക്കിടയിൽ പ്രചരിച്ചു കൊണ്ടിരിക്കുന്നു. വ്യത്യസ്ത പദ പ്രയോഗങ്ങളിലുള്ള ഈ കഥക്ക് ജനങ്ങൾക്കിടയിൽ സ്വാധീന മുണ്ടാവുകയും ചെയ്തിട്ടുണ്ട് .

**ഈ കള്ള വസ്വിയ്യത്തിന്റെ യഥാർഥ്യമെന്ത് ?**

ശൈഖ് അഹമദിന്റെ ജൽപനം അനുസരിച്ച് കൊണ്ട് അദ്ദേഹം പറയുന്നതിങ്ങനെയാണ്. അദ്ദേഹം ഉറങ്ങി കൊണ്ടിരിക്കുന്നതിനിടയിൽ നബി (സ) അദ്ദേഹത്തിന്റെ അടുക്കൽ പ്രത്യക്ഷപ്പെട്ടു കൊണ്ട് ഈ വസ്വിയ്യത്ത് നൽകുകയുണ്ടായി. എന്നാൽ ഈ വസ്വിയ്യത്തിന്റെ തന്നെ അവസാനം പുറത്തിറങ്ങിയ പതിപ്പിൽ കാണുന്നത് അദ്ദേഹം ഉറങ്ങാൻ വേണ്ടി ഒരുങ്ങിയപ്പോൾ –ഉറക്ക ത്തിലല്ല –നബി(സ)യെ കണ്ടു എന്നാണ് .

ഈ പ്രയോഗത്തിൽ നിന്നു മനസ്സിലാവുന്നതെന്താണ്?
പ്രവാചകൻ(സ)യെ അദ്ദേഹം കണ്ടു എന്നു പറയുന്നത് ഉറക്കത്തിലായിരുന്നില്ല എന്നും, ഉണർച്ചയിൽ തന്നെ ആയിരുന്നു എന്നുമല്ലേ ?

ഇനി പ്രസ്തുത വസ്വിയ്യത്തിലെ കള്ള വാദങ്ങളെ നമുക്ക് ഒരോന്നായി പരിശോധിക്കാം .

ഈ വാദങ്ങളുടെ മുഴുവൻ യാഥാർഥ്യ മെന്താണെന്ന് ഞാൻ കഴിഞ്ഞ വർഷങ്ങളിലും പലപ്പോഴായി ജനങ്ങളോടു വിശദീകരിച്ചിട്ടുണ്ട് . അതേ

അവകാശ വാദങ്ങളുമായി തന്നെ വീണ്ടും ശ്രദ്ധയിൽ പെട്ടപ്പോൾ ഇനിയും മറുപടി എഴുതേണ്ട ആവശ്യമില്ലെന്നും ജനങ്ങൾ അത് വിശ്വ സിക്കില്ല എന്നും ഞാൻ ചിന്തിച്ചു. മാത്രമല്ല, സാമാന്യ ബുദ്ധിയുള്ള പൊതുജനങ്ങൾ പോലും ഒരിക്കലും അവ സത്യമാണെന്ന് അംഗീകരി ക്കില്ല എന്നും ഞാൻ ധരിച്ചിരുന്നു.

എന്നാൽ എന്റെ ഈ ധാരണ ശരിയല്ല എന്നും; മറിച്ച് ഈ കള്ള വസ്വിയ്യത്തിന് ജനങ്ങൾക്കിടയിൽ വലിയ സ്വാധീന മുണ്ടെന്നും ധാരാ ളം ആളുകൾ അത് വിശ്വസിക്കുന്നുണ്ടെന്നും എന്റെ സഹോദരൻമാർ എന്നെ ബോധ്യപ്പെടുത്തി . അതിനാൽ തന്നെ വഞ്ചനകളിൽ അകപ്പെ ടുന്നവരെ രക്ഷപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയും തിരുനബി (സ) യുടെ പേരിൽ പ്രചരിക്കുന്ന കള്ള വാർത്തയുടെ യാഥാർഥ്യ മെന്തെ ന്നും വിശദീകരിക്കാൻ ഞാൻ തീരുമാനിച്ചു .

വിശ്വാസവും വിജ്ഞാനവും സാമാന്യ ബുദ്ധിയുമുള്ള ഏതൊരാൾക്കും പല കാരണങ്ങളാൽ ഈ വ്യാജ വസ്വിയ്യത്ത് സത്യമല്ലെന്നു മനസ്സിലാക്കാവുന്നതേയുള്ളൂ .

പ്രസ്തുത വസ്വിയ്യത്ത് ചേർത്തി പറയുന്ന ശൈഖ് അഹ്മദിന്റെ ബന്ധു ക്കളോട് ഇതിന്റെ യാഥാർഥ്യ മെന്താണെന്ന് ഞാൻ അന്വേഷിക്കുക യുണ്ടായി .യാതൊരടിസ്ഥാനവുമില്ലാത്ത ഈ കള്ള കഥ അദ്ദേ ഹത്തി ന്റെ പേരിൽ കെട്ടിച്ചമച്ചുണ്ടാക്കിയതാണ് എന്നായിരുന്നു അവർ പറ ഞ്ഞത് . മാത്രമല്ല അദ്ദേഹം വളരെ കാലങ്ങൾക്ക് മുമ്പു മരണ പ്പെടുക യും ചെയ്തിട്ടുണ്ട് എന്നായിരുന്നു അവരുടെ മറുപടി .സത്യവുമായി ബന്ധമില്ലാത്ത ധാരാളം കാരണങ്ങൾ കൊണ്ട് ശൈഖ് അഹ്മദോ അദ്ദേഹത്തേക്കാൾ മഹാരഥൻമാർ തന്നെയോ ,ഉറക്കത്തിലോ, അല്ലാ തയോ പ്രവാചകൻ (സ)യെ കണ്ടുവെന്നും ഇങ്ങനെ ഒരു വസ്വിയ്യത്ത് നൽകി എന്നും പറഞ്ഞാൽ തന്നെ അത് വിശ്വസിക്കാൻ പറ്റില്ല . പ്രവാ ചകൻ(സ)യല്ല, മറിച്ച് പിശാചാണ് ആ ഉപദേശത്തിന്റെ ഉപജ്ഞാതാ വെന്നും മനസ്സിലാക്കാവുന്നതേയുള്ളൂ. അതിന് പല കാരണങ്ങളുണ്ട്.

1 . പ്രവാചകൻ(സ)യുടെ മരണാനന്തരം ഉണർന്നിരിക്കുന്ന നന്ദർ ബങ്ങളിൽ അദ്ദേഹത്തെ കാണാൻ ആർക്കും സാധ്യമേയല്ല . ഇനി അ ന്ധവിശ്വാസികളായ അൽപജ്ഞാനികളാരെങ്കിലും മുഹമ്മദ് (സ) യെ അങ്ങനെ കണ്ടുവെന്നു പറഞ്ഞാലും അവിടുത്തെ ജൻമദിനാഘോഷ വേളകളിൽ തിരുനബി(സ) ഹാജരാകുമെന്നു പറഞ്ഞാലും അത് വി ശ്വാസ്യമല്ല . കാരണം ഖുർആനിന്റെ അധ്യാപനങ്ങൾക്കും നബി (സയുടെ ചര്യക്കും പണ്ഡിതൻമാരുടെ ഏകോപിച്ച അഭിപ്രായത്തി നും എതിരാണത്. മാത്രവുമല്ല ,തികഞ്ഞ വിഢിത്വവും കളവുമാണ്.

മരണപ്പെട്ടവർ അവരുടെ ഖബറുകളിൽ നിന്ന് അന്ത്യനാളിലല്ലാതെ പുറത്തു കൊണ്ടു വരപ്പെടില്ലെന്ന് ഖുർആൻ പറയുന്നത് കാണുക.

**(പിന്നീട് തീർച്ചയായും നിങ്ങൾ അതിനു ശേഷം മരിക്കുന്നവരാകുന്നു. പന്നീട് ഉയർത്തെഴുന്നേൽപ്പിന്റെ നാളിൽ തീർച്ചയായും നിങ്ങൾ എഴുന്നേൽപ്പിക്കപ്പെടുന്നതാണ്) -മുഅ്മിനൂൻ-16,17.-**

ഈ സൂക്തത്തിൽ അല്ലാഹു പറയുന്നത് അന്ത്യനാളിലാണ് അല്ലാഹു മരണപ്പെട്ടവരെ ജീവിപ്പിക്കുക എന്നും അത് ഐഹിക ജീവിതത്തിലല്ല എന്നുമാണ്. ഇതിനെതിരെ പറയുന്നവരുടെ വാദം തിരുനബി(സ) യോ അദ്ദേഹത്തെ പിന്തുടർന്ന മഹാരഥൻമാരായിരുന്ന സ്വഹബികളോ സച്ച രിതരായ മുൻഗാമികളോ മനസ്സിലാക്കാത്ത കാര്യമാണതെന്ന് മന സ്സിലാക്കുക .

2 പ്രവാചകൻ(സ) തന്റെ ജീവിതത്തിലോ മരണ ശേഷമോ യഥാർഥ്യത്തിന് എതിരായ കാര്യങ്ങൾ ഒരിക്കലും പറയില്ല. എന്നാൽ ഈ വസ്വിയ്യത്തിലുള്ളത് പവിത്രമായ ഇസ്ലാമിക ശരീഅത്തിന് വിരു ദ്ധമായ കാര്യങ്ങളാണ് . സ്ഥിരപ്പെട്ടതും സ്വീകര്യ യോഗ്യവുമായ ധാരാ ളം ഹദീസുകളുടെ പരാമർശമനുസരിച്ചു പിശാചിന് ഒരിക്കലും നബി(സ)യുടെ രൂപം പ്രാവി ക്കുവാൻ സാധ്യമല്ല എന്ന് വന്നിട്ടുണ്ട് . അതിനാൽ തന്നെ അവിടുത്തെ മഹാത്മ്യത്തിന് യോജിക്കുന്ന രൂപ ത്തിൽ പ്രവാചകൻ(സ) യെ ആരെങ്കിലും സ്വപ്നം കാണുകയാണെ ങ്കിൽ അദ്ദേഹത്തെ തന്നെയായിരിക്കും കണ്ടതും. പക്ഷെ ഇവിടെ യുള്ള പ്രശ്നം സ്വപ്ന ദർശനമുണ്ടായി എന്നു പറയുന്ന വ്യക്തിയുടെ സത്യസന്തത, വിശ്വാസത, മതപരമായി ചിട്ട , സുരക്ഷിതത്വം, എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ അവസ്ഥകൂടി നാം പരിഗണിക്കേ ണ്ടതുണ്ട് . അദ്ദേഹത്തിനുണ്ടായ ദർശനത്തിൽ അദ്ദേഹം കണ്ടത് മുഹമ്മദ് നബി(സ)യുടെ ശരിയായ രൂപം തന്നെയാണോ, അതല്ല മറ്റേതോ രൂപമാണോ കണ്ടത് എന്നും ഉറപ്പാക്കേണ്ടതുണ്ട് .മാത്രമല്ല , പ്രവാചകൻ(സ) തന്റെ ജീവിതത്തിൽ പറഞ്ഞ ഒരു ഹദീസു തന്നെ സ്വീകാര്യയോഗ്യവും തെളിവിന് അവലംബിക്കാവുന്നതും ആകണമെ ങ്കിൽ ഹദീസു നിദാന ശാസ്ത്രജ്ഞൻമാർ പറഞ്ഞ നിർബന്ധനകൾ മുഴുവൻ പാലിച്ചിരിക്കണം . റിപ്പോർട്ടർമാർ സത്യസന്തരും ,വിശ്വാസ യോഗ്യരും, സുരക്ഷിതരും, സൂക്ഷമത പുലർത്തുന്നവരും, ആയിരി ക്കണം . മാത്രമല്ല അവരെക്കാൾ പ്രമുഖന്മാരുടെ ഹദീസുകൾക്ക് പരസ്പരം ഏകോപിപ്പിക്കുവാൻ കഴിയാത്ത രൂപത്തിൽ എതിരായി വരാതിരിക്കണം. അങ്ങനെ പരസ്പരം എതിരായി വരുന്നു വെങ്കിൽ ഒന്ന് ദുർബലമാക്കപ്പെട്ട(മൻസൂഖ്)തായി പരിഗണിച്ച് ആ ഹദീസു

കൊണ്ട് കർമ്മം ചെയ്യാതിരിക്കലുമാണ് പതിവ്. രണ്ടാമത്തെ ഹദീസു അതിന്റെ നിബന്ധനകൾക്കു വിധേയമായി ദുർബലമാകുന്ന (നാസിഖ്) ഹദീസായും പരിഗണിക്കുന്നു. ഇതിനു സാധിക്കാതിരിക്കുകയും പരസ്പരം ഏകോപ്പിക്കുവാൻ കഴിയാതിരിക്കുകയും ചെയ്താൽ ആ ഹദീസ് റിപ്പോർട്ടർമാരുടെ ഗുണ നിലവാരത്തിലെ ഏററ കുറവനു സരിച്ച് ഒന്നിനെ ഒറ്റപ്പെട്ട (ശാദ്)ഹദീസായി പരിഗണിക്കപ്പെടുന്നു. അത്തരം ഹദീസുകൾ തെളിവിനായി ഉദ്ദരിക്കുകയോ അവ കൊണ്ട് കർമ്മങ്ങൾ അനുഷ്ഠിക്കുകയോ ചെയ്യാറുമില്ല .

ഹദീസുകളുടെ പോലും അവസ്ഥ ഇങ്ങനെയാകുമ്പോൾ പ്രവാച കൻ(സ) ൽ നിന്നും റിപ്പോർട്ട് ചെയ്ത വ്യക്തി ആരെന്നോ, അയാളു ടെ വിശ്വസ്ഥത, കാര്യക്ഷമത, നീതി എന്നീ സ്വഭാവ ഗുണങ്ങളെന്തെ ന്നോ അറിയപ്പെടാത്ത ഈ വസ്വിയ്യത്തിന്റെ അവസ്ഥ എന്തായിരിക്കു മെന്ന് ഊഹിക്കാവുന്നതേയുള്ളൂ . മതശാസനകൾക്കൊന്നും എതിരി ല്ലാത്ത രൂപത്തിൽ തന്നെ അത്റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു വെങ്കിലും യഥാർഥത്തിൽ പരിഗണിക്കപ്പെടേണ്ടതില്ല . എന്നാൽ അല്ലാഹു അറിയി ച്ചിട്ടില്ലാത്ത മത നിയമങ്ങളും നബി(സ)യുടെ പേരിലുള്ള കള്ള ആരോ പണങ്ങളും സത്യത്തിന് നിരകാത്ത ധാരാളം കാര്യങ്ങൾ കൂടി ആ വ സ്വിയ്യത്തിലുണ്ടാവുമ്പോൾ അതിനോട് എന്ത് സമീപനമാണ് നാം സ്വീ കരിക്കേണ്ടത് .പ്രവാചകൻ(സ) യുടെ ഒരു മുന്നറിയിപ്പു കൂടി നാം ഇതി നോടു ചേർത്തി വായിക്കുക .അവിടുന്നു പറഞ്ഞു:

(ഞാൻ പറയാത്ത കാര്യം എന്റെ പേരിൽ ആരെങ്കിലും പറയുന്നു വെങ്കിൽ അയാൾ നരകത്തിൽ ഒരു ഇരിപ്പിടം ഉറപ്പിച്ചു കൊള്ളട്ടെ )

–ബുഖാരി മുസ്ലിം–

ഈ വ്യക്തി തന്റെ വസ്വിയ്യത്തിലൂടെ പ്രവാചകൻ(സ) യുടെ പേരിൽ ധാരാളം കളവുകളും ആരോപണങ്ങളും പറഞ്ഞിരിക്കുന്നു. അതിനാ ൽ തന്നെ ആ വാദങ്ങളിൽ നിന്നയാൾ പിന്തിരിക്കുകയും വളരെ പെട്ട ന്ന് തന്നെ അത് ജനങ്ങൾക്കിടയിൽ വിളംബരം ചെയ്ത് പശ്ചാതപിച്ച് മടങ്ങുകയും ചെയ്യേണ്ടതുണ്ട് . അല്ലാത്ത പക്ഷം പ്രവാചകൻ(സ) മു ന്നറിയിപ്പു നൽകിയ ശിക്ഷക്ക് അയാൾ അർഹനാകുന്നതാണ് .

കാരണം ഇതുപോലുള്ള കള്ള വാദങ്ങൾ മതത്തിന്റെ പേരിൽ പ്രചരിപ്പിക്കുന്നവർക്ക് മാപ്പു ലഭിക്കണമെങ്കിൽ അവ കളവാണെന്ന് സ്വയം സമ്മതിച്ച് അതിൽ നിന്ന് മടങ്ങണം . ജനങ്ങളോട് ആക്കാര്യം പരസ്യമായി പ്രഖ്യാപിക്കുക കൂടി ചെയ്യണം.

ഖുർആൻ പറയുന്നത് കാണുക

(നാം അവതരിപ്പിച്ച തെളിവുകളും മാർഗ ദർശനവും വേദ ഗ്രന്ഥ ത്തിലൂടെ ജനങ്ങൾക്ക് നാം വിശദമാക്കി കൊടുത്തതിനു ശേഷം മറച്ചു വെക്കുന്നവരാരോ അവരെ അല്ലാഹു ശപിക്കുന്നതാണ് . ശപി ക്കുന്നവരൊക്കെയും അവരെ ശപിക്കുന്നതാണ് . എന്നാൽ പശ്ചാതപി ക്കുകയും നിലപാട് നന്നാക്കി തീർക്കുകയും സത്യം ജനങ്ങൾക്ക് വിവരിച്ചു കൊടുക്കുകയും ചെയ്തവർ ഇതിൽ നിന്നൊഴിവാകുന്നു . അങ്ങനെ യുള്ളവരുടെ പശ്ചാതാപം ഞാൻ സ്വീകരിക്കുന്നതാണ് . ഞാ ൻ അധികം പശ്ചാതാപം സ്വീകരിക്കുന്നവനും കരുണാ നിധിയുമത്രെ)
-ബഖറ-159-160-

സത്യം മറച്ചു വെക്കുന്നവരുടെ പശ്ചാതാപം സ്വീകരിക്കപ്പെടണമെ ങ്കിൽ അതിൽ നിന്നു പിന്തിരിഞ്ഞ് ആ കാര്യം വ്യക്തമായി പരസ്യ പ്പെടുത്തേണ്ടതുണ്ട് എന്ന് ഈ വചനം വ്യക്തമാകുന്നു. മാത്രമല്ല മത നിയമ നിർദ്ദേശങ്ങളായി എന്തെല്ലാം കാര്യങ്ങളുണ്ടോ അവ പരി പൂർണ്ണമായും സന്ദേശം നൽകുകയും അങ്ങനെ മതം പൂർത്തീകരി ക്ക പ്പെടുകയും ചെയ്ത ശേഷമാണ് പ്രവാചകൻ(സ) വഫാതായതും.

(ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു എന്റെ അനുഗ്രഹം നിങ്ങൾക്കു ഞാൻ നിറവേറ്റി തരികയും ചെയ്തിരിക്കുന്നു) -മാഇദ-3-

വിശ്വാസികൾക്ക് അവരുടെ മതത്തിൽ സംശയങ്ങൾ ഉണ്ടാക്കുവാ നായിട്ടാണ് പതിനാലാം നൂറ്റാണ്ടിൽ ഈ കള്ള പ്രചാരണവുമായി ഇയാൾ രംഗത്ത് വന്നത്. ഒരു പുതിയ മതസംഹിത പടച്ചുണ്ടാക്കി അവ സ്വീകരിക്കുന്നവർക്ക് സ്വർഗ്ഗമുണ്ടെന്നും നിരാകരിക്കുന്നവർക്ക് നരക മുണ്ടെന്നും ഇയാൾ വാദിക്കുന്നു. വിശുദ്ധഖുർആനിനേക്കാൾ ഈ വസ്വിയ്യത്തിന് ശ്രേഷ്ഠതയുണ്ടെന്നും അയാൾ വിശേഷിപ്പിക്കുന്നു. കാരണം അയാൾ പറയുന്നത് കാണുക ഈ വസ്വിയ്യത്ത് എഴുതു കയും ഓരോ നാടുകളിലും പ്രദേശങ്ങളിലും പ്രചരിപ്പിക്കുകയും ചെ യ്യുന്നു വെങ്കിൽ അത് ചെയ്യുന്നവർക്ക് സ്വർഗ്ഗത്തിലൊരു കൊട്ടാരം നിർമ്മിക്കപ്പെടും. ഇത് പ്രചരിപ്പിക്കാത്തവർക്ക് അന്ത്യനാളിൽ നബി (സ) യുടെ ശുപാർശ ലഭിക്കുകയില്ല . ഈ വസ്വിയ്യത്ത് കളവാണെ ന്നതിന് ഇതിനേക്കാൾ വലിയ തെളിവിന്റെ ആവശ്യമുണ്ടോ? സ്വൽപമെങ്കിലും ലജ്ജയുള്ളവർ ഇപ്രകാരം പറയുമോ? എത്ര മാത്രം വലിയ ആരോപണമാണ് ഇയാൾ പറഞ്ഞിരിക്കുന്നത് ?
ഖുർആൻ അനുസരിച്ചു ജീവിതം നയിക്കാതെ കേവലം അത് എഴുതി എന്നതു കൊണ്ടോ , ഒരു നാട്ടിൽ നിന്നും മറ്റൊരു നാട്ടിലേക്കു എ ത്തിച്ചു എന്നതു കൊണ്ടോ മാത്രം ഇത്രയധികം മഹത്വം നേടാൻ സാ ധിക്കുമെന്ന് ഇസ്ലാം പഠിപ്പിക്കുന്നില്ല . എങ്കിൽ പിന്നെ എങ്ങനെ

യാണ് കെട്ടിയുണ്ടാക്കിയ ഈ കള്ള വസ്വിയ്യത്തിന് ഇത്രയധികം ശ്രേഷ്ഠതയുണ്ടാവുക ?

ഇസ്ലാമിക നിയമ നിർദ്ദേശങ്ങൾ അനുസരിച്ച് ജീവിതം നയിക്കുന്നൊരു സത്യവിശ്വാസി വിശുദ്ധഖുർആൻ എഴുതാതിരിക്കുകയോ അത് മറ്റുള്ള പ്രദേശങ്ങളിൽ എത്തിക്കാതിരിക്കുകയോ ചെയ്തു എന്ന കാരണം കൊണ്ട് മാത്രം അന്ത്യനാളിൽ നബി(സ) യുടെ ശുപാർശ ലഭിക്കാതിരിക്കുകയുമില്ല എന്നിരിക്കെ പ്രവാചകൻ (സ) യുടെ അധ്യാപനങ്ങൾ എന്താണെന്ന് മനസ്സിലാക്കാത്ത ഒരു കള്ള വാദിയുടെ അബദ്ധ ജഢിലമായ ജൽപനങ്ങൾ മാത്രമാണ് ഈ വസ്വിയ്യത്തിലുള്ളതെന്ന് മനസ്സിലാക്കാൻ കൂടുതൽ തെളിവുകൾ പരതേണ്ടതില്ല .

പ്രസ്തുത വസ്വിയ്യത്തിലുള്ള മുഴുവൻ കാര്യവും കളവും നിരർത്ഥകവുമാണ് . അസത്യമായൊരു കാര്യം ഒരാൾ അല്ലാഹുവിന്റെ പേരിൽ ആയിരം വട്ടം ആണിയിട്ടു പറഞ്ഞാലോ, ഈ പറയുന്നത് കളവാണെങ്കിൽ അധികഠോരമായ ശിക്ഷ തനിക്കുണ്ടാവട്ടെ എന്ന് ശാപ പ്രാർഥന നടത്തിയാലോ സത്യമായി മാറില്ല . മറിച്ച് ,ഏറ്റവും വൃത്തിഹിനവും നിന്ദ്യവുമായ കള്ളമാണാ പറഞ്ഞത് .
അല്ലാഹുവി നേയും അവന്റെ ആദരണിയരായ മലക്കുകളെയും ഈ വസ്വിയ്യത്ത് കാണാനിടയായ സർവ്വമുസ്ലീംകളെയും സാക്ഷിയാക്കി ഞാൻ പറയട്ടെ; ഇതൊരു വ്യാജ വസ്വിയ്യത്തും തിരുനബി(സ)യുടെ പേരിൽ കെട്ടിയുണ്ടാക്കിയ ആരോപണവുമാണ് . അതിന്റെ കാരണക്കാർക്ക് അർഹമായ ശിക്ഷ അല്ലാഹു നൽകട്ടെ .

ചില കാരണങ്ങൾ കൊണ്ട് കൂടി ഈ വസ്വിയ്യത്തിന്റെ അർത്ഥശൂന്യത നമുക്ക് മനസ്സിലാക്കാവുന്നതാണ്.
1 രണ്ട് വെള്ളിയാഴ്ചകൾക്കിടയാലായി ഒരു ലക്ഷത്തി അറുപതിനായിരം ആളുകൾ മുസ്ലിമായികൊണ്ടല്ലാതെ - ഈമാൻ ലഭിക്കാതെ - മരണപ്പെട്ടു. വസ്വിയ്യത്തി ലുള്ള ഒരു പരാമർശമാണിത് .

യഥാർഥത്തിൽ പ്രവാചകൻ(സ) ജീവിച്ചിരുന്ന സന്ദർഭത്തിൽ പോലും മറഞ്ഞകാര്യങ്ങൾ അറിഞ്ഞിരുന്നില്ല . എന്നാൽ അവിടുന്നു മരണപ്പെട്ടതോടു കൂടി വഹ്യ് നിലക്കുകയും ചെയ്തു .പിന്നീട് ഈ മറഞ്ഞ കാര്യം പ്രവാചകൻ(സ) എങ്ങനെയാണു മനസ്സിലാക്കുന്നത് . ഖുർആനിലെ ഒരു വചനം കണുക.
(പറയുക അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല . അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല)
–അൻആം–50–

(നബിയേ പറയുക ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യ കാര്യംഅറിയുകയില്ല )-നംല്-65-

സ്വഹീആയ ഒരു ഹദീസിൽ ഇപ്രകാരം കാണാം . നബി(സ) പറഞ്ഞു:

(അന്ത്യനാളിൽ കുറെ ആളുകൾ എന്റെ ഹൗളി (ഹൗളുൽ കൗസറി)ൽ നിന്നും അകറ്റപ്പെടുന്നതായിരിക്കും . അപ്പോൾ ഞാൻ പറയും . എന്റെ രക്ഷിതാവേ, അവർ എന്റെ അനുചൻമാരാണല്ലോ? എന്ന് . അപ്പോൾ എന്നോടു പറയപ്പെടും. താങ്കൾക്ക് ശേഷം എന്തെല്ലാം അനാചാര ങ്ങളാണ് അവർ ഉണ്ടാക്കിയതെന്ന് താങ്കൾക്ക് അറിയുകയില്ല .( അതു കൊണ്ടാണ് അവർ അകറ്റ പ്പെടുന്നതെന്നു സാരം-വിവ: )
അപ്പോൾ അല്ലാഹുവിന്റെ സ്വാലിഹായ ഒരു ദാസൻ പറഞ്ഞത് ഞാനും പറയും:(ഞാൻ അവർക്കിടയിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെ മേൽ സാക്ഷിയായിരുന്നു. പിന്നീടു നീ എന്നെ പൂർ ണ്ണമായി എടുത്തപ്പോൾ നീ തന്നെ ആയിരുന്നു അവരെ നിരീക്ഷി ച്ചിരു ന്നവൻ . നീ എല്ലാകാര്യത്തിനും സാക്ഷിയാകുന്നു)-മാഇദ-117-

(പ്രവാചകൻ(സ) വഫാതായ ശേഷം ആ ജനങ്ങൾ എന്താണ് ചെയ് തിരുന്നതെന്ന് അറിയാൻ നബി(സ)ക്ക് സാധിച്ചിരുന്നില്ല എന്ന കാര്യമാണ് ഈ സംഭവത്തിൽ നിന്ന് മനസ്സിലാവുന്നത്-വിവ:)

2 ഒരു ദരിദ്രനാണ് ഇതെഴുതി പ്രചരിപ്പിക്കുന്നതെങ്കിൽ അല്ലാഹു അദ്ദേഹത്തെ ധനാഢ്യനാക്കും . കടം കൊണ്ടു ദുരിതമനുഭവിക്കുന്ന വനാണെങ്കിൽ അവന്റെ കടങ്ങൾ വീടി കിട്ടും. ഒരു പാപിയായ മനു ഷ്യനാണങ്കിൽ അയാളുടെയും അയാളുടെ മാതാപിതാക്കളുടെയും പാപങ്ങൾ പൊറുക്കപ്പെടും .....

പ്രസ്തുത വസിയ്യത്തിലെ മറ്റൊരു വാഗ്ദാനമാണിത്. അല്ലാഹുവിനെ കുറിച്ചോ ,അവന്റെ ദാസൻമാരിൽ നിന്നോ സ്വൽപം ലജ്ജയുള്ള ഒരാ ളും പറയാൻ ധൈര്യം കാണിക്കാത്ത അസംബന്ധമാണ് ഇയാൾ പറ ഞ്ഞിരിക്കുന്നത് . മുകളിൽ പറഞ്ഞ മൂന്ന് കാര്യങ്ങളും പവിത്രവും പരിശുദ്ധവുമായ ഖുർആൻ പോലും എഴുതി എന്നത് കൊണ്ട് മാത്രം ഒരാൾക്കും ലഭ്യമല്ല . പിന്നീട് എങ്ങനെയാണ് ഈ കള്ള വസിയ്യത്ത എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്താൽ അതുണ്ടാവുക?.

ഇതിലൂടെ ഈ ദുഷ്ടൻ ഉദ്ദേശിക്കുന്നത് മനുഷ്യർക്കിടയിൽ ആശയ കുഴപ്പങ്ങളുണ്ടാക്കുവാനും അതിൽ മനുഷ്യരെ തളച്ചിട്ടു അല്ലാഹു വിന്റെ പവിത്രമായ മത ശസനകളിൽ നിന്നും തെറ്റിക്കുവാനുമാണ് .

ഇത്തരം വഞ്ചകൻമാരിൽ നിന്നും പൈശാചിക പ്രേരണകളിൽ നിന്നും അല്ലാഹു മുസ്ലിം സമൂഹത്തെ കാക്കുമാറാവട്ടെ .

3 ഈ വസ്വിയ്യത്ത് എഴുതി പ്രചരിപ്പിക്കാതിരിക്കുകയും സത്യപ്പെടുത്താതിരിക്കുകയും ചെയ്താൽ ഐഹീകവും പാരത്രീകവുമായ ജീവിതത്തിൽ അയാളുടെ മുഖം കറുത്തിരുണ്ട് പോകുന്നതാണ് .

ഹിജ്റയുടെ പതിനാലാം നൂറ്റാണ്ടിൽ പ്രവാചകൻ(സ) യുടെ പേരിൽ വ്യക്തമായി അറിയപ്പെടാത്ത ഏതോ ഒരാൾ കെട്ടിയുണ്ടാക്കിയ കള്ള വസ്വിയ്യത്തിലെ ഒരു പരാമർശമാണ് മുകളിൽ കണ്ടത്. ബുദ്ധിമാൻമാർ ഇതു വിശ്വസിക്കുമോ? .

എന്തൊരപരാധമാണയാൾ പറഞ്ഞിരിക്കുന്നത്?

ഈ വസ്വിയ്യത്ത് പ്രചരിപ്പിക്കാത്തവരുടെ മുഖം കറുത്തിരുണ്ടു പോകുമെത്ര . കടങ്ങളെല്ലാം വീടി സ്വസ്ഥത കൈവരിക്കാൻ സാധിക്കും . പാപങ്ങളെല്ലാം പൊറുക്കപ്പെടും... അങ്ങനെ പലതും.

ഇതിനെ കുറിച്ചു നമുക്ക് പറയാനുള്ളത്.

(ഇതിൽ നിന്നെല്ലാം അല്ലാഹു പരിശുദ്ധനാണ് ഏറ്റവും വലിയ അപരാധമാകുന്നു) എന്ന വചനമാണ്.

അനുഭവങ്ങളും തെളിവുകളുമെല്ലാം തന്നെ പകൽ വെളിച്ചം പേലെ വിളിച്ചറിയിക്കുന്നത് പ്രസ്തുത വസ്വിയ്യത്ത് കള്ളമാണെന്നാണ് . മാത്രമല്ല, അല്ലാഹുവിൽ നിന്നും മനുഷ്യരിൽ നിന്നുപേലും ലജ്ജയില്ലാത്ത ഒരാളുടെ പരാമർശമായി മാത്രമേ ഇതിനെ കാണാനൊക്കൂ . ഇത് എഴുതുകയോ പ്രചരിപ്പിക്കുകയോ ചെയ്യാത്ത എത്രയെത്ര ആളുകളെ നമുക്ക് പരിചയമുണ്ട്. പക്ഷെ അവരുടെ മുഖങ്ങൾ കറുത്തുപോയിട്ടില്ല. എന്നു മാത്രമല്ല , എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്ത രൂപത്തിൽ എത്രയെത്ര ആളുകളാണ് ഈ കള്ള വസ്വിയ്യത്ത് എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്തത് . എങ്കിലും അവരുടെ കടങ്ങളൊന്നും വീടാതെ ഇന്നും ദാരിദ്ര്യത്തിൽ തന്നെ കഴിയുന്നു. മഹൽ ഗ്രന്ഥമായ വിശുദ്ധഖുർആൻ പോലും എഴുതിയാലുണ്ടായേക്കാവുന്ന തിനേക്കാൾ ശ്രേഷ്ഠതയും മഹ്വത്വവും പ്രതിഫലവും ഈ കള്ള വസ്വിയ്യത്തിന്റെ പ്രചാരത്തിലൂടെ നേടാമെന്ന വാഗ്ദാനം വിശ്വാസികളെ വഴിതെറ്റിക്കുന്നതിനു മാത്രമേ ഉപകരിക്കുകയുള്ളൂ . നിരർത്ഥകമായ ധാരാളം വാദങ്ങളും സത്യനിഷേധത്തിലേക്കുള്ള പ്രചരണവുമാണിത്. ഇത്രമാത്രം ഭീമാബദ്ധം പറയാൻ ഇയാളെ പ്രേരിപ്പിച്ച കാര്യമെന്തെന്ന് മനസ്സിലാവുന്നില്ല .

4 ഇത് സത്യപ്പെടുത്തുന്നവർ നരകത്തിൽ പ്രവേശിക്കുകയില്ല. ഇത് കളവാക്കുന്നവൻ സത്യനിഷേധിയായി മാറും .

ഞാൻ അല്ലാഹുവിൽ സത്യം ചെ.യ്തു പറയട്ടെ; അല്ലാഹുവിന്റെ പേരിൽ ഏറ്റവും വലിയ കളവാണിയാൾ പറഞ്ഞിട്ടുള്ളത്. അയാളുടെ വസിയ്യത്തിനെ സത്യപ്പെടുത്തുന്നവൻ നരകത്തിൽ നിന്നും രക്ഷപ്പെടുകയും മറിച്ചു അതിനെ കളവാക്കുന്നു വെങ്കിൽ അയാൾ കാഫിർ (സത്യനിഷേധി) ആയി തീരുകയും ചെയ്യുമെത്രെ .

യഥാർത്ഥത്തിൽ ഇതിന്റെ വിപരീതമാണുണ്ടാവുക . ഈ വസിയ്യത്ത് കളവാണെന്ന് മനസ്സിലാക്കി സത്യപ്പെടുത്താതിരിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത് . അടിസ്ഥാനമില്ലാത്ത കള്ള കഥയും അപരാധവുമാണിത് . അല്ലാഹു അനുവദിച്ചിട്ടില്ലാത്ത നിയമ നിർദ്ദേശമാണ് ഇയാൾ കൊണ്ട് വന്നിരിക്കുന്നത്. പതിനാലു നൂറ്റാണ്ടു മുമ്പുതന്നെ പൂർത്തിയാക്കിയ മത നിയമങ്ങളിൽ പെടാത്ത കാര്യങ്ങൾ മതത്തിൽ കടത്തി കൂട്ടാനാണ് ഈ കള്ള വാദി ശ്രമിച്ചു കൊണ്ടിരിക്കുന്നത് .അതിനാൽ തന്നെ ഞാൻ എല്ലാ മുസ്ലിം സഹോദരൻ മാരോടും തുറന്നു പറയട്ടെ. ഇതിന്നെതിരിൽ ജാഗ്രത പുലർത്തുക .സദാ ഉണർന്നി രിക്കുക. സത്യത്തെ കണ്ടെത്തുക , അത് നമ്മുടെ മുമ്പിൽ വെട്ടിത്തിളങ്ങി നിൽക്കുന്നു. നിങ്ങളുടെ മത നിയമങ്ങളിൽ സംശയങ്ങളുണ്ടാക്കുന്ന കള്ള വാദികളുടെ ജൽപനങ്ങളെ സൂക്ഷിക്കുക. ഇതേപോലുള്ള വഞ്ചകൻമാരുടെ പൂർവ്വ പിതാവായ ഇബ്‌ലീസ് ആദം (അ) യുടെ അടുക്കലെത്തി, ശേഷം ഒരു ഗുണ കാംഷിയുടെ വേഷത്തിൽ സത്യം ചെയ്തു കൊണ്ട് ഇപ്രകാരം പറഞ്ഞു :

(അവർ രണ്ടു(ആദം, ഹച്ച എന്നിവരോട് ) പേരോടും സത്യം ചെയ്തു പറഞ്ഞു. ഞാൻ നിങ്ങളുടെ ഗുണകാംഷികളാകുന്നു) അഅ്റാഫ്-21-

അതിനാൽ വഴി പിഴപ്പിക്കുന്ന വഞ്ചകൻമാരുടെ കള്ള സത്യങ്ങളെയും സൂക്ഷിക്കുക . ജാഗ്രത പുലർത്തുക.

എന്നെയും നിങ്ങളെയും സർവ്വ മുസ്ലിം സഹോദരൻമാരെയും പൈശാചിക പ്രേരണകളിൽപ്പെട്ട് വഴി തെറ്റി പോകിന്നതിൽ നിന്നും അല്ലാഹുകാത്ത് രക്ഷികട്ടെ .അല്ലാഹുവിന്റെ പ്രകാശത്തെ ഊതി കെടുത്തുവാനും മനുഷ്യർക്കിടയിൽ സംശയങ്ങളുണ്ടാക്കി വഴികേടിലേക്കു നയിക്കുവാനും ശ്രമിച്ചു കൊണ്ടിരിക്കുന്ന അല്ലാഹുവിന്റെ ശത്രുകളിൽ നിന്നും അവൻ നമ്മെ കാത്തു രക്ഷിക്കട്ടെ .പിശാചുക്കളും അവന്റെ കൂട്ടാളികളും നിരീശ്വര നിർമ്മിത വാദികളടങ്ങുന്ന സത്യ

നിഷേധികളും ഇഷ്ടപ്പെടില്ലങ്കിലും അല്ലാഹു അവന്റെ മതത്തെ സുരക്ഷിതമായി നിലനിർത്തുകയും അവന്റെ പ്രകാശത്തെ പൂർണ്ണമാക്കുകയും ചെയ്യും .

എന്നാൽ പ്രസ്തുത കള്ളവാദിയുടെ ജൽപനങ്ങളിൽ തന്നെയുള്ളതും സംഭവിച്ചു കൊണ്ടിരിക്കുന്നതുമായ ചില സംസ്കാരിക ജീർണ്ണതക ളെ കുറിച്ചുള്ള പരാമർശങ്ങൾ വസ്തുതകളുമായി യോജിക്കുന്നുണ്ട്. പക്ഷെ അതുപോലുള്ള കാര്യത്തെ കുറിച്ചുള്ള ഖുർആനിലെയും ഹദീസുകളിലേയും പരാമർശങ്ങൾ തന്നെ വിശ്വാസികൾക്ക് പര്യാ പ്തമായതാണ് .

മുസ്ലിംകളുടെ പൊതു അവസ്ഥ നന്നായി തീരുവാനും സത്യത്തെ പിമ്പറ്റി ശരിയായ ആദർശ നിഷ്ഠയോടെ ജീവിതം നയിക്കുവാനുള്ള തൗഫീഖിനായും നമുക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കാം. അതോ ടൊപ്പം സർവ്വ ശക്തനും കരുണാ വാരിധിയു മായ അല്ലാഹുവിലേക്ക് പശ്ചാതപിച്ചു മടങ്ങുകയു ചെയ്യാം .

അന്ത്യനാളിന്റെ അടയാളങ്ങളെ കുറിച്ച് പ്രസ്തുത വസ്വിയ്യത്തിലെ പരാമർശത്തേക്കാൾ ഖണ്ഡിതമായ രൂപത്തിലുള്ള പ്രസ്താവനകൾ വിശുദ്ധഖുർആനിലും തിരു സുന്നത്തിലുമുണ്ട് . ആ വിഷയത്തെ സവിസ്തരം പ്രതിപാദിക്കുന്ന സമ്പുഷ്ടമായ ധാരാളം ഗ്രന്ഥങ്ങളും മഹാരഥൻമാർ രചിച്ചിട്ടുണ്ട് . അതുകൊണ്ട് തന്നെ ഇതു പോലുള്ള കള്ള കഥകളെ അവലംബമാക്കേണ്ട ആവശ്യവുമില്ല .

സർവ്വ ശക്തനായ നാഥനിൽ നമുക്ക് ഭരമേൽപിക്കാം ഭരമേൽപിക്കുവാൻ ഏറ്റവും നല്ലവൻ അവനെത്രെ .

താളുകളിൽ | പേജ്


| | | |
|---|---|---|
| 1 | നബി(സ)യുടെ ജന്മ ദിനാഘോഷം | 1 |
| 2 | ഇസ്റാഅ് . മിഅ്റാജ് ആഘോഷങ്ങൾ | 7 |
| 3 | ബറാഅത്ത് രാവ്. | 11 |
| 4 | മദീനാ പള്ളിയിലെ കള്ള സ്വപ്നം- ഒരു വിശകലനം. | 21 |